# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചാലിയാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം.5/2285/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 21/11/2024
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാലിയാർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.5/2285/2024 തീയ്യതി: 21/11/2024

## മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-11-2023 മുതൽ 13-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 14-10-2024 | 22-10-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-10-2024 | 22-10-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ. പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുജാത. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. മുഹമ്മദ് നൗഷാദ് .എ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജാസിം. എൻ .വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മനോഹരൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. ഷാഹുൽ ഹമീദ് | സെക്രട്ടറി | 01-04-2023 | 04-07-2023 |
| ശ്രീ. ഹരിനാഥ്. എം. ഐ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-07-2023 | 14-08-2023 |
| ശ്രീമതി. ഉഷാദേവി കെ . | സെക്രട്ടറി | 14-08-2023 | 14-11-2023 |

| | | | |
|---|---|---|---|
| എസ് | | | |
| ശ്രീ. അനീഷ്. കെ.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-11-2023 | 30-11-2023 |
| ശ്രീമതി. ലളിതാംബിക പി. എസ് | സെക്രട്ടറി | 01-12-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഹരിനാഥ്. എം. ഐ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 21-08-2023 |
| ശ്രീ. സൺഷി. പി.എം | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-08-2023 | 11-09-2023 |
| ശ്രീ.അനീഷ്. കെ.ടി | അസിസ്റ്റന്റ് സെക്രട്ടറി | 12-09-2023 | 31-03-2024 |
| ശ്രീ.അബ്ദുൾ കരീം പാലപ്പറ്റ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2023 | 06-08-2023 |
| ശ്രീമതി. ഹസീന എൻ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 07-08-2023 | 31-03-2024 |
| ഡോ.സഹ ഇ | മെഡിക്കൽ ഓഫീസർ പി എച് സി | 01-04-2023 | 26-06-2023 |
| ഡോ. ബസീമ. ടി | മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ് | 27-06-2023 | 09-07-2023 |
| ഡോ. ആയിശക്കുട്ടി ഇളയിടത്ത് | മെഡിക്കൽ ഓഫീസർ പി എച് സി | 10-07-2023 | 31-03-2024 |
| ഡോ. സജ്ന ഐ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ.ഹാരിസ്.പി.കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ. സജീവ് കുമാർ കെ എ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി. ഷബ്ന യാസ്മിൻ കെ ടി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ശ്യാമള ദേവി കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. അനിൽകുമാർ | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി. ബിസ്ന. വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 26-08-2023 | 11-02-2024 |
| ശ്രീ. രാഹുൽ. ആർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 12-02-2024 | 31-03-2024 |
| ശ്രീ. ഷിബാഹുദ്ദീൻ മച്ചിങ്ങൽ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 25-08-2024 |
| ശ്രീമതി. സുലൈഖ. കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | കോൺട്രാക്റ്റേഴ്സ് റീടെൻഷൻ ഇനത്തിൽ തുക വ്യത്യാസം | 1-1-3 |
| 5 | Audit Recovery - വിവരം ലഭ്യമല്ല. | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമപദ്ധതികൾ | 1-7 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":അവലോകനം | 1-11 |
| 16 | എഫ്.എച്ച്.സി താത്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. | 1-12 |
| 17 | സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-13 |
| 18 | നിയമാനുസൃതമല്ലാത്ത കെട്ടിടത്തിൽ ട്യൂട്ടോറിയൽ സ്ഥാപനം രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 19 | എസ്.എസ്. കെ വിഹിതം നൽകൽ - വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-15 |
| 20 | സാക്ഷരതാ മിഷൻ തുടർ പ്രവർത്തനം- രേഖകൾ ലഭ്യമാക്കിയില്ല | 1-16 |
| 21 | അളവ് പുസ്തകം, ടെണ്ടർ ഫോറം എന്നിവ യഥാരീതിയിൽ സ്റ്റോക്കിലെടുക്കുന്നില്ല. | 1-17 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-18 |
| 23 | എടിവണ്ണ വായനശാല വയറിംഗ് -നിർവ്വഹണത്തിലെ അപാകതകൾ | 1-19 |
| 24 | കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും- സ്റ്റോക്കെടുപ്പ് അപാകതകൾ | 1-20 |
| 25 | ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം-അധിക തുക നൽകി, മറ്റ് അപാകതകൾ | 1-21 |
| 26 | ഭിന്നശേഷിക്കാരുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കിയില്ല | 1-22 |
| 27 | ICDS സൂപ്പർവൈസർക്ക് കാബിൻ സൗകര്യം-അധിക തുക നൽകി, സ്റ്റോക്കെടുപ്പ്, മറ്റ് അപാകതകൾ | 1-23 |
| 28 | വയോജന കേന്ദ്രം ആരംഭിക്കൽ- വാങ്ങൽ, വിതരണം, സ്റ്റോക്കെടുപ്പ് അപാകതകൾ | 1-24 |
| 29 | അംഗനവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ- വിതരണം, സ്റ്റോക്കെടുപ്പ്, മറ്റ് അപാകതകൾ | 1-25 |
| 30 | അംഗനവാടികൾക്ക് പാചക പാത്രം, ഗ്യാസ് അടുപ്പ്- വിതരണം, സ്റ്റോക്കെടുപ്പ്, മറ്റ് അപാകതകൾ | 1-26 |
| 31 | ഭിന്ന ശേഷി കലോത്സവം- ക്വട്ടേഷൻ, മറ്റ് അപാകതകൾ | 1-27 |

| | | |
|---|---|---|
| 32 | അംഗനവാടി കലോത്സവം- ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-28 |
| 33 | വൈദ്യുതിയില്ലാത്ത MCFലേക്ക് വെയിംഗ് മെഷീൻ വാങ്ങി ഉപയോഗിക്കാതെ കിടക്കുന്നു. | 1-29 |
| 34 | വേസ്റ്റ് കളക്ഷൻ-അധിക വാഹന വാടക നൽകി, ട്രിപ്പ് ഷീറ്റ് സമർപ്പിക്കുന്നില്ല. | 1-30 |
| 35 | പഞ്ചായത്ത് മീറ്റിംഗ് ഹാൾ നവീകരണം - വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ SIDCO യിൽ നിന്ന് നേരിട്ട് വാങ്ങലുകൾ നടത്തി. | 1-31 |
| 36 | വാഹന വാടക നൽകൽ- ആദായ നികുതി കുറവ് ചെയ്തില്ല വാഹന വാടക നൽകൽ- ആദായ നികുതി കുറവ് ചെയ്തില്ല | 1-32 |
| 37 | ആർ ട്രാക്ക് ആപ്ളിക്കേഷൻ വഴി റോഡ് കണക്ടിവിറ്റി മാപ്പിംഗ്- പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-33 |
| 38 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല | 1-34 |
| 39 | സ്പിൽഓവർ പ്രോജക്ടുകൾ പൂർത്തീകരിക്കാൻ സാധിച്ചില്ല | 1-35 |
| 40 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് – വിവരം ലഭ്യമാക്കിയില്ല | 1-36 |
| 41 | തുടർ നടപടി വിവരം ലഭ്യമാക്കിയില്ല | 1-37 |
| 42 | ഫെസ്റ്റിവൽ അഡ്വാൻസ് - ഈടാക്കാൻ അവശേഷിക്കുന്നു. | 1-38 |
| 43 | തെരുവ് വിളക്ക് പരിപാലനം - രജിസ്റ്ററുകൾ ഹാജരാക്കിയില്ല | 1-39 |
| 44 | മുൻകൂർ തുക നൽകിയിട്ടും ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായില്ല | 1-40 |
| 45 | ഗുണഭോക്തൃ വിഹിതം ഇനത്തിൽ 64810/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-41 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം-അധിക തുക നൽകി | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചാലിയാർ ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 21.03.2023 തീയതിയിലെ 02(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 11.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചാലിയാർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
21-11-2024

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

## 1-1-3 കോൺട്രാക്റ്റേഴ്സ് റിടെൻഷൻ ഇനത്തിൽ തുക വ്യത്യാസം

വാർഷിക കണക്ക് RP 33(R) പ്രകാരം കോൺട്രാക്റ്റേഴ്സ് റിടെൻഷൻ ഇനത്തിൽ 19909/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം കോൺട്രാക്റ്റേഴ്സ് റിടെൻഷൻ തുക വരവ് 35684/- രൂപയാണ് രേഖപ്പെടുത്തിയത്.

## 1-1-4 Audit Recovery - വിവരം ലഭ്യമല്ല.

വാർഷിക കണക്ക് RP 10 (R) പ്രകാരം Audit Recovery Based On Charge Certificate ഇനത്തിൽ 11714/- രൂപയും Audit Recovery Based On Audit Report/ Audit Enquiry ഇനത്തിൽ 114874രൂപയും Recovery From Others- Audit Recovery ഇനത്തിൽ 284070/- രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2 ബജറ്റ്

| 2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/1 തീയതി. 21.03.2023 | 2/1 തീയതി21.03.2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 42864684 |
| വരവ് | 87827035 |
| ആകെ | 130691719 |
| ചെലവ് | 86882713 |
| നീക്കിയിരിപ്പ് | 43809006 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 23268825 | 23268825 | 17837300 | 5431525 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 3669879 | 3669879 | 2376142 | 1293737 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 6598645 | 6598645 | 5017663 | 1580982 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 8050650 | 8050650 | 2902893 | 5147757 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 6088600 | 6088600 | 5204276 | 884324 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ് | 0 | 3247000 | 3247000 | 2377121 | 869879 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 4330000 | 4330000 | 3292832 | 1037168 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 306 | 409383194 | 227 | 114310925 | 79 | 74.18 % |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4019 | 811138 | 815157 | 815155 | 2 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 46139001 | 46139001 | 46139001 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2695800 | 1751 |
| വിധവാ പെൻഷൻ | 10019400 | 6657 |
| വാർദ്ധക്യകാല പെൻഷൻ | 16592600 | 11372 |
| വികലാംഗ പെൻഷൻ | 3481300 | 2242 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 702400 | 436 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.24 ന് 03:30 പി.എം. മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27195 /- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല.
3. തെരുവുവിളക്കു രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
4. സ്റ്റോറുകളുടെ സ്റ്റോക്ക് സൂക്ഷിപ്പിൽ കൃത്യതയും സൂക്ഷ്മതയും പുലർത്തുന്നില്ല.
5. ആനുവൽ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.
6. ഭിന്നശേഷിക്കാരുടെ ഡാറ്റ റജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
7. അടിസ്ഥാന സൗകര്യമൊരുക്കാതെ വെയിംഗ് മെഷീൻ വാങ്ങിയതിനാൽ ഉപയോഗിക്കാനാവുന്നില്ല.

മേൽ പോരായ്മകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.11.2022 | 01.10.2022 മുതൽ 31.10.2022 വരെ | 24.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.05.2023 മുതൽ 06.06.2023 വരെ | 2018-19, മുതൽ 2022-23 വരെ | 24.07.2023 |

## 1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ":അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ).471/സി.എ).ആർ.3/2024 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ " എന്ന വിഷയം സംബന്ധിച്ച് നടത്തിയ പരിശോധന പ്രകാരം **ചാലിയാർ** ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായി മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് പരിശോധിച്ച് തയ്യാറാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1)അടിസ്ഥാന വിവരങ്ങൾ**

| | | |
|---|---|---|
| 1)പഞ്ചായത്തിലെ ആകെ ജനസംഖ്യ | | 20843 |
| 2)ആകെ വാർഡുകളുടെ എണ്ണം | | 14 |
| വാർഡ് നമ്പർ | 3)ഓരോ വാർഡിലേയും ആൾ താമസമുള്ള വീടുകളുടെ എണ്ണം | 4)ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം |
| 1 | 358 | 39 |
| 2 | 429 | 27 |
| 3 | 474 | 28 |

| | | |
|---|---|---|
| 4 | 394 | 39 |
| 5 | 368 | 27 |
| 6 | 376 | 38 |
| 7 | 398 | 64 |
| 8 | 448 | 56 |
| 9 | 408 | 12 |
| 10 | 361 | 15 |
| 11 | 371 | 26 |
| 12 | 440 | 88 |
| 13 | 541 | 194 |
| 14 | 278 | 11 |
| ആകെ | 5644 | 664 |
| 5) ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | | 22 |
| 6)വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ | | ആൾത്താമസമില്ലാത്തവ ഉൾപ്പെട്ടിട്ടില്ല |

**2) മാലിന്യ ശേഖരണ കാര്യക്ഷമത**

മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കിയതായി അറിയിച്ചു. ഷെഡ്യൂൾ ചെയ്ത് മാലിന്യ ശേഖരണം നടപ്പാക്കുന്നുണ്ട്. യൂസർ ഫീ കാർഡ്, രജിസ്ട്രേഷൻ, ഹരിത മിത്രം ആപ്പ് എന്നിവ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു കീഴിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ബോധവൽക്കരണം, IEC പ്രവർത്തനങ്ങൾ തുടങ്ങിയ നടപടികൾ സ്വീകരിച്ച് വരുന്നു. ഹരിത കർമ സേനാ അംഗങ്ങൾക്കുള്ള ഐ.ഡി കാർഡ് വിതരണം നടപ്പിലാക്കിയിട്ടുണ്ട്. ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റവും പൂർണമായും പ്രവർത്തിപഥത്തിൽ വന്നതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല. യൂസർ ഫീ പിരിവിൽ രസീത് നൽകുന്നുണ്ട്, ആയതിന് സ്റ്റോക്ക് രജിസ്റ്ററുമുണ്ട്.

**3) മാലിന്യ വേർത്തിരിവ് പാലിക്കൽ**

ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർ തിരിച്ച് ക്രമീകരിക്കുന്നതിൽ കാര്യമായ പുരോഗതി ഇല്ല. എംസിഎഫിൽ വെച്ചാണ് നിലവിൽ വേർതിരിക്കുന്നത്.

**4) റീസൈക്ലിംഗ്**

റിസൈക്ലിംഗ് പ്രോത്സാഹനം കുറവാണ്. ജലസ്രോതസ്സുകളിൽ നിന്നും നിലവിൽ മാലിന്യം എടുക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

**5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ഹരിത കർമ്മ സേന/ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം ഹരിതകർമസേനയോടൊപ്പം സ്കൂളുകളിൽ ബോധവൽകരണം ക്ലാസുകൾ, ഗ്രാമസഭകളിലും, കുടുംബശ്രീ യോഗങ്ങളിലും ബോധവൽകരണം, കൂടാതെ കുട്ടികളുടെ ഹരിതസഭയും നടപ്പാക്കിയിട്ടുണ്ട്.

**6) തൊഴിൽ സൃഷ്ടിക്കൽ**

മാലിന്യ സംസ്കരണ മേഖലയിൽ 22 പേർക്ക് തൊഴിൽ നല്കാൻ സാധിച്ചിട്ടുണ്ട് . ഹരിത കർമ്മ സേനാംഗങ്ങളുടെ മാസ വരുമാനം ശരാശരി 10,000 രൂപയാണ്. നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല. എന്നാൽ ഹരിത കർമ്മസേനയുടെ വരുമാന വർദ്ധവിനായി മറ്റു വ്യവസായ സംരംഭങ്ങൾ, സ്വാപ്പ് ഷോപ്പുകൾ, റിപ്പയറിംഗ് ഷോപ്പുകൾ തുടങ്ങിയവ പോലുള്ളവയിൽ യുക്തമായവ ആരംഭിക്കാൻ ഹരിത കർമ്മസേന/സ്ഥാപനം നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

**7) അടിസ്ഥാന സൗകര്യ വികസനം.**

നിലവിൽ ഗ്രാമപഞ്ചായത്ത് വാടകക്കെടുത്ത സ്ഥലത്ത് കെട്ടിടമല്ലാത്ത ഷീറ്റ് വിരിച്ച മഴപെയ്താൽ ചോർന്നൊലിക്കുന്ന തരത്തിലുള്ള വൈദ്യുതി ഉൾപ്പടെ അടിസ്ഥാന സൗകര്യങ്ങൾ ഒന്നും ഇല്ലാത്ത ഷെഡിലാണ് MCF പ്രവർത്തിക്കുന്നത്. വളരെ പ്രയാസകരമായ രീതിയിൽ പ്രവർത്തിക്കുന്ന എം.സി.എഫും 6 വാർഡുകളിലായി സ്ഥാപിച്ച 6 മിനി എം.സി.എഫുകളുമാണ് നിലവിലുള്ളത്. സ്വന്തമായി വാഹനം ഇല്ല. വാടകക്കെടുത്ത ഗുഡ്സ് ജീപ്പ് വാഹനവും ഡ്രൈവറും ഉണ്ട്. എം.സി.എഫിൽ വൈദ്യുതി, കുടിവെള്ള സൗകര്യം, ശൗചാലയം എന്നിവ സ്വന്തമായില്ല.

**8) പാരിസ്ഥിതിക ആഘാതം**

നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ ഉപയോഗം തടയൽ/ പൊതു നിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ എന്നിവയുമായി ബന്ധപ്പെട്ടും മാലിന്യം അനധികൃതമായി കയ്യൊഴിയുന്നതുമായ സംഭവങ്ങൾ സംബന്ധിച്ചും 3 കേസുകളിലായി 15000 രൂപ പിഴ ഈടാക്കിയതായി അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.

**9) പരിശീലനവും വികസനവും**

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി

ഹരിത കർമ്മ സേന/ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം കപ്പാസിറ്റി ബിൽഡിംഗ് ട്രൈനിംഗ് നടത്തിയതായാണ് അറിയിച്ചത്. മറ്റ് പരിശീലന പരിപാടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

**10) <u>നിയമങ്ങൾ പാലിക്കൽ</u>**

പ്രാദേശിക അധികാരികൾ നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നതായും ആയതുമായി ബന്ധപ്പെട്ട് ബൈലോ തയാറാക്കിയതായി അറിയിച്ചുവെങ്കിലും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

**11) <u>ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം</u>**

ഹരിത കർമ്മ സേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചർച്ചകളും പ്രതിമാസം വിലയിരുത്തലും നടത്തുന്നതായി അറിയിച്ചുവെങ്കിലും സ്വന്തമായി സൗകര്യപ്രദമായ എം.സി.എഫും, നിലവിലുള്ള MCF പരിമിതിയും പുതിയ എം സി എഫ് കണ്ടെത്താനുള്ള സ്ഥല ദൗർലഭ്യവും ആളുകളുടെ സഹകരണകുറവും ആണ് ഹരിത കർമ്മ സേന നേരിടുന്ന പ്രധാന വെല്ലുവിളികൾ. കൂടാതെ ബെയ്‌ലിംഗ് /ഷ്രെഡിംഗ് യുണിറ്റുകളും, മതിയായ സെഗ്രിഗേഷൻ സൗകര്യം എന്നിവയും നിലവിലില്ല.

**<u>മെറ്റീരിയൽ കളക്ഷൻ (MCF) ഫെസിലിറ്റി വിവരങ്ങൾ</u>**

**<u>1)അടിസ്ഥാന വിവരങ്ങൾ</u>**

നിലവിൽ ഗ്രാമപഞ്ചായത്ത് വാടക്കെടുത്ത സ്ഥലത്ത് കെട്ടിടമല്ലാത്ത ഷീറ്റ് വിരിച്ച മഴപെയ്താൽ ചോർന്നൊലിക്കുന്ന തരത്തിലുള്ള വൈദ്യുതി ഉൾപ്പടെ അടിസ്ഥാന സൗകര്യങ്ങൾ ഒന്നും ഇല്ലാത്ത ഷെഡിലാണ് MCF പ്രവർത്തിക്കുന്നത്. വളരെ പ്രയാസകരമായ രീതിയിൽ പ്രവർത്തിക്കുന്ന എം.സി.എഫും 6 വാർഡുകളിലായി സ്ഥാപിച്ച 6 മിനി എം.സി.എഫുകളുമാണ് നിലവിലുള്ളത്.

**2) <u>മാലിന്യ കൈമാറ്റ കാര്യക്ഷമത</u>**

വീടുകളിൽ നിന്ന് /സ്ഥാപനങ്ങളിൽ നിന്ന് പാഴ് വസ്തുകൾ MCF/RRF-ലേക്ക് ഹരിത കർമ്മ സേന മാസത്തിൽ ഒരിക്കൽ കൈമാറി വരുകയും എല്ലാ വാർഡിലും സേവനം എത്തിക്കുകയും ചെയ്യുന്നുണ്ടെങ്കിലും മിനി MCFകളിൽ നിന്നും നിശ്ചിത ഇടവേളകളിൽ മാലിന്യം MCF ലേക്ക് കൊണ്ടു പോകുന്നതായാണ് അറിയിച്ചത്.

**3) <u>മാലിന്യ സംഭരണ ശേഷി സംബന്ധിച്ച വിവരങ്ങൾ</u>**

| | |
|---|---|
| 1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്<br>ജൈവം /അജൈവം | ജൈവം: ഇല്ല<br>അജൈവം:1500 Kg |
| കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസ്യതമായി MCF/RRF കൾക്ക് ആവശ്യത്തിന് വിസ്തൃതിയുണ്ടോ | കുറവാണ്. 900.അടി<br>RRF- ഇല്ല |
| 2)ആകെ വിസ്തൃതി<br>ഉണ്ടായിരിക്കേണ്ടത്.<br>A.ടിപ്പിങ് ഏരിയ (15%)<br>B.സ്റ്റോറേജ് ഏരിയ (25%)<br>C.സോർട്ടിങ് ഏരിയ (20%)<br>D.മെഷിനറി എരിയ(10%)<br>E.അന്തിമ സംഭരണ ഏരിയ (30%) | വിവരം ലഭ്യമാക്കിയിട്ടില്ല |
| അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു. | 3 ദിവസം |

**4) <u>മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>**

പ്ലാസ്റ്റിക് വാട്ടർ ബോട്ടിൽ, പേപ്പറുകൾ, HM കവറുകൾ, ഇരുമ്പ്, ചില്ല്, കോള ബോട്ടിൽ, CFL ബൾബ് തുടങ്ങിയ ഇനങ്ങളായാണ് മാലിന്യം വേർത്തിരിക്കുന്നത്. തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കലിന്റെ ഭാഗമായി ഗ്ലൗസ് വിതരണം ചെയ്യുകയും കൂടാതെ കോട്ട്, ഗ്ലൗസ്, മാസ്ക്ക് എന്നിവയും ഐഡി കാർഡ്, തൊപ്പി എന്നിവ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. മുഴുവൻ അംഗങ്ങൾക്കും സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**5) <u>ശുചിത്വ മാനദണ്ഡങ്ങൾ</u>**

ദുർഗന്ധവും കീടങ്ങളും തടയുന്നതിന് MCF/RRF പരിസരത്ത് ശുചിത്വ മാനദണ്ഡങ്ങളും ശുചിത്വവും പാലിക്കാൻ ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ച് എം സി എഫ് പരിസരം വൃത്തിയാക്കുന്നു.

**6) <u>യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്</u>**

ഗ്രീൻവേം കമ്പനിയുമായി മാലിന്യം ശേഖരണത്തിനു കിലോ ഗ്രാമിനു 6.7 രൂപക്ക് കരാർ ചമക്കുകയും ആഴ്ചയിൽ ഒരിക്കൽ വീതം മാലിന്യം കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്.

**<u>7) ബാങ്ക് അക്കൗണ്ട്</u>**

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെ വിവരങ്ങൾ:

| | |
|---|---|
| അക്കൗണ്ട് നം.: | 401171101049802 |
| ബ്രാഞ്ച്, സ്ഥലം | KGB എരഞ്ഞിമങ്ങാട് |
| നിലവിലെ (31.3.23 പ്രകാരമുള്ള ക്ലോസിംഗ് ബാലൻസ്: | 101044.41/- |

**8) വരവു ചെലവു കണക്ക്:**

**ആകെ വരവ്**

| **ആകെ ചെലവ്** | | | |
|---|---|---|---|
| മുൻ ബാക്കി | 101044 | ഹരിത കർമ്മസേന ശമ്പളം | 2204000 |
| ഗ്യാപ്പ് ഫണ്ട് | 0 | പർച്ചേയ്സ് | 6350 |
| യൂസർഫീ | 1779505 | മറ്റ് ചെലവ് (ഇനം തിരിച്ച്) | ഫോൺ-86<br>ഗ്ലൗ-5000<br>മറ്റ് 2205<br>Bank Charges-0 |
| സ്ക്രാപ്പ് വിൽപ്പന | - | | |
| ക്ലീൻ കേരള/മറ്റു ഏജൻസി | _ | | |
| പ്ലാസ്റ്റിക് കവർ | 692403 | | |
| ചില്ല് | 18275 | | |
| മറ്റ് വരവ് (ഇനം തിരിച്ച്) | Interest 2928<br>വണ്ടി വാടക ക്രെഡിറ്റ് ആയത്-<br>മറ്റുള്ളവ- | നീക്കി ബാക്കി | 376514 |
| **ആകെ** | 2594155 | | 2594155 |

ക്യാഷ് ബുക്ക് പൂർണ്ണമല്ല, വരവു ചെലവുകളുടെ മാസാന്ത്യ/വർഷാന്ത സംക്ഷിപ്തം തയാറാക്കിയിട്ടില്ല. മേൽ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുകയോ ചാർജ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

**9) മറ്റ് വിവരങ്ങൾ**

2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | ഫണ്ടിനം | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | വെയിംഗ് മെഷീൻ വാങ്ങൽ 290/24 | CFC | 20000 | 13924 | -- |
| ആകെ | | | | 13924 | |

മുൻ വർഷങ്ങളിൽ ലഭ്യമായ ഒരു വെയിംഗ് മെഷീൻ, MCF ൽ വൈദ്യുതി ഇല്ലാത്തതിനാൽ പലപ്പോഴും പുറത്ത് കൊണ്ടു പോയി ചാർജ്ജ് ചെയ്ത് വന്ന് ഉപയോഗിക്കുന്നതായി അറിയിച്ചു. മേൽ സാഹചര്യം നിലനിൽക്കെ പുതിയ വലിയ വെയിംഗ് മെഷീൻ വാങ്ങിയത് നിലവിൽ ഉപയോഗിക്കാതെ VEO ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായാണ് ഓഡിറ്റ് കണ്ടത്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

ഗ്രാമ പഞ്ചായത്തിലെ മാലിന്യ ശേഖരണത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്.

1. ഹരിത കർമസേന പ്രവർത്തനത്തിന് കലണ്ടർ തയ്യാറാക്കേണ്ടതും നിശ്ചിത ഇടവേളകളിൽ ഓരോ വാർഡുകളിലെയും വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മിനി MCF നിന്നും മാലിന്യം യഥാസമയം ശേഖരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ആവശ്യമെങ്കിൽ മിനി MCF,ബോട്ടിൽ ബൂത്ത് തുടങ്ങിയവ മറ്റ് സ്ഥലങ്ങളിലും സ്ഥാപിക്കേണ്ടതാണ്.

2. യുസർ ഫീ കളക്ഷൻ ഊർജിതമാക്കാൻ സർക്കാർ നിർദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് പ്രയോജനകരമാവും വിധത്തിൽ ഹരിത മിത്രം ആപ്പ്/ക്യു ആർ കോഡ് സംവിധാനം പൂർണമായും പ്രവർത്തി പഥത്തിൽ എത്തിക്കേണ്ടതുമാണ്.

3. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കേണ്ടതും ആവശ്യവും സാഹചര്യവും പരിഗണിക്കാതെയുള്ള വാങ്ങൽ ഒഴിവാക്കേണ്ടതുമാണ്.

4. സ്വന്തമായി സൗകര്യപ്രദമായ സ്ഥലം, ഒരു MCF കെട്ടിടം എന്നിവക്ക് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള കെട്ടിടത്തിൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ല, ആയത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

5. മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതും പൊതു ജനങ്ങൾക്കിടയിൽ മാലിന്യ സംസ്കരണം മത്സരബുദ്ധിയോടെ കൈകാര്യം ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കാൻ ആവശ്യമായ ബോധവല്കരണം നടത്തുകയും വീടുകൾക്കും സ്ഥാപനങ്ങൾക്കും ഹരിത റാങ്കിംഗ് നടത്തി പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടതാണ്.

6. കാഷ് ബുക്ക് ഉൾപ്പെടെയുള്ള സുപ്രധാന രജിസ്റ്ററുകൾ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി പരിപാലിക്കേണ്ടതും വരവു ചെലവുകളുടെ മാസാന്ത്യ/വർഷാന്ത്യ സംഗ്രഹം (സ്ക്രാപ്പ്, ശമ്പളം Etc.) ഇനം തിരിച്ചു രേഖപ്പെടുത്തേണ്ടതും ഇക്കാര്യത്തിലെ പുരോഗതി ബന്ധപ്പെട്ട ചാർജ് ഓഫീസർ നിരീക്ഷണ വിധേയമാക്കേണ്ടതും യഥാസമയങ്ങളിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-12 എഫ്.എച്ച്.സി താത്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

FHC യിലെ താത്കാലിക ജീവനക്കാരുടെ ഹാജർ പുസ്തകം പരിശോധിച്ചതിൽ, ചുവടെ ചേർത്ത ജീവനക്കാർ NHM/താത്കാലിക/ദിവസ വേതന അടിസ്ഥാനത്തിൽ FHC-യിൽ 2023-24 വർഷത്തിൽ ജോലി ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺ എന്നിവ പ്രകാരം ടി ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതികൾ ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര് | തസ്തിക | ജോലി ചെയ്ത, നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1. | ഡോ. മുബാറക്ക്. പി.എച്ച് | അസി.സർജൻ . | I |
| 2. | ഡോ. ജസിൽ മേരി ജോൺ | അസി.സർജൻ (NHM) | I |
| 3. | ഡോ.രഹിന വി രാജ് | അസി.സർജൻ . | II |
| 4. | അക്ഷ സെബാസ്റ്റ്യൻ | ഫിസിയോതെറാപ്പിസ്റ്റ് | I &II |
| 5. | സ്മിത | ലാബ് ടെക്നീഷ്യൻ | I |
| 6. | ആയിഷ ഷിബിൻ | ലാബ് ടെക്നീഷ്യൻ | II |
| 7. | അമൃത ദാസ് | ലാബ് ടെക്നീഷ്യൻ | II |
| 8. | ഹുസ്ന | ജെ.പി.എച്ച്.എൻ (Adhoc) | I |

| | | | |
|---|---|---|---|
| 9. | നജീബ് മോൻ | ആമ്പുലൻസ് ഡ്രൈവർ | I |
| 10. | ജിൽഷാദ്. പി കെ | ആംബുലൻസ് ഡ്രൈവർ | II |

1994ലെ കേരള പഞ്ചായത്തിരാജ് നിയമം, വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർ പ്പെട്ട ഏതൊരാളിൽ നിന്നും പരമാവധി നിർണയിക്കപ്പെട്ട നിരക്കുകളിൽ കുറയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നു. എന്നാൽ മേൽ ജീവനക്കാരിൽ നിന്നും 2023-24 വർഷത്തിൽ ജോലി ചെയ്ത ദിവസങ്ങൾക്കാനുപാതികമായി ഈടാക്കേണ്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ല . മേൽ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം നിയമാനുസൃതം ഈടാക്കേണ്ട തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.09/2023-24/19.10.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-13 സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് -232 പ്രകാരം പഞ്ചായത്ത് പരിധിയിലെ ഒരു സ്ഥലത്തും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ചാലിയാർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിട്ടുള്ള സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് 2023- 24 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. എന്നാൽ 2023- 24 സാമ്പത്തിക വർഷത്തിൽ ടി- പാരാമെഡിക്കൽ സ്ഥാപന രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | പാരാമെഡിക്കൽ സ്ഥാപന രജിസ്ട്രേഷൻ നമ്പർ |
|---|---|---|
| 1 | ഫാത്തിമ ഹോസ്പിറ്റൽ | 02/2023 |
| 2 | എ.സി.എസ് എക്സ്റേ | 03/ 2023 |
| 3 | എ.സി.എസ് ഡെന്റൽ ക്ലിനിക് | 04/ 2023 |
| 4 | എ.സി.എസ് ഹോസ്പിറ്റൽ | 05/ 2023 |
| 5 | എ.സി.എസ് ലാബ് | 06/ 2023 |

മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാത്തതിന്റെ കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/21.10.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നതിനാവശ്യമായ ലൈസൻസ് എടുക്കുന്നതിനുള്ള നിർദേശം നൽകേണ്ടതും ലൈസൻസ് എടുത്ത വിവരം രസീത് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 നിയമാനുസൃതമല്ലാത്ത കെട്ടിടത്തിൽ ട്യൂട്ടോറിയൽ സ്ഥാപനം രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

ചാലിയാർ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട് സെക്രട്ടറി ഉത്തരവാദിത്തപ്പെടുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 22.10.2022 ന് നടത്തിയ സ്ഥലപരിശോധനയിൽ പഞ്ചായത്തിലെ വാർഡ് 13 ലെ കെട്ടിട നമ്പർ 682 A മുതൽ 682 AL വരെയുള്ള കെട്ടിടങ്ങൾ പരിശോധിച്ചു. കെട്ടിടത്തിന്റെ താഴെ നില, ഒന്നാം നില, രണ്ടാം നില എന്നിവടങ്ങളിലായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കെട്ടിടത്തിന്റെ രണ്ടാം നിലയിൽ 'എജു സോൺ' എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. കെട്ടിടത്തിന്റെ രണ്ടാം നിലക്ക് നമ്പർ അനുവദിച്ചിട്ടില്ല. മേൽ കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച്, ഗ്രാമപഞ്ചായത്ത് നമ്പർ ലഭ്യമാവാതെയും വസ്തു നികുതി അടവാക്കാതെയും പ്രവർത്തനമാരംഭിച്ചിട്ടുണ്ട് എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235 എഎ പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് അവ പൊളിച്ച് മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി നൽകേണ്ടതാണ്. ആയതിനാൽ മേൽ കെട്ടിടത്തിൽ നടത്തിയ അനധികൃത നിർമ്മാണം കണക്കാക്കുന്നതിലേക്ക് എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയറുടെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും, കെട്ടിടം ക്രമവൽകരിക്കുന്നതിലേക്ക് കെട്ടിടത്തിന് നമ്പർ അനുവദിച്ച് വസ്തു നികുതി നിർണയിക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃത നിർമ്മാണങ്ങളിന്മേൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**മറ്റ് അപാകതകൾ**

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല. 2023-24 വർഷം ലൈസൻസ് രജിസ്റ്റർ പ്രകാരം എജ്യൂ സോൺ എന്ന സ്ഥാപനം ലൈസൻസ് എടുത്തതായി കാണുന്നില്ല.

2. 1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ; ചട്ടം 3 (1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. ചട്ടം 3(2) പ്രകാരം ഒരു ട്യൂട്ടോറിയൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1-ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി, അത് നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെടുത്തപ്പെട്ടിട്ടുള്ള ആളോ ഇരുന്നൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസോടുകൂടിയുള്ളതല്ലാത്ത ഏതൊരു അപേക്ഷയും സെക്രട്ടറി നിരസിക്കേണ്ടതാണ്. എന്നാൽ മേൽ സ്ഥാപനം രജിസ്റ്റർ ചെയ്തതായി ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. 1994ലെ കേരള പഞ്ചായത്തിരാജ് നിയമം, വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന്നും പരമാവധി നിർണയിക്കപ്പെട്ട നിരക്കുകളിൽ കുറയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നു. എന്നാൽ 2023-24 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം മേൽ സ്ഥാപനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണവും തൊഴിൽ നികുതിയ്ക്ക് ബാധകമായ ശമ്പളം/വേതനം എന്നിവക്കാനുപാതികമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നില്ല.
മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 30/2023-24 തീയതി 22.10.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 എസ്.എസ്. കെ വിഹിതം നൽകൽ - വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയില്ല

1).പ്രൊജക്റ്റ് നം. 14/24
എസ് എസ് കെ വിഹിതം നൽകൽ -ജനറൽ
വിനിയോഗിച്ച തുക – 13,55,000 രൂപ (പ്ളാൻ -ജനറൽ )
BRN – 2315075200870060 9550/30.09.2023 – 13,55,000 രൂപ
2).പ്രൊജക്റ്റ് നം. 31/24
എസ് എസ് കെ വിഹിതം നൽകൽ -എസ്.സി
അടങ്കൽ – 3,00,000
വിനിയോഗിച്ച തുക – 2,30,259 രൂപ (എസ്.സി.പി )
BRN – 2315075200870096 5952/21.12.2023 – 2,30,259 രൂപ

3).പ്രൊജക്റ്റ് നം. 13/24
എസ് എസ് കെ വിഹിതം നൽകൽ -പട്ടികവർഗ്ഗം
വിനിയോഗിച്ച തുക – 2,00,000 രൂപ (ടി.എസ്.പി )
BRN –2315075200870096 5946/21.12.2023/27.06.2023 – 2,00,000 രൂപ

2023-24 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ മുകളിൽ പരാമർശിച്ച പദ്ധതികൾ പ്രകാരം 17,85,259/- രൂപ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ, സമഗ്രശിക്ഷാ, കേരളക്ക് നൽകിയിട്ടുണ്ട്.
പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രൊജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരളം) പ്രൊജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രൊജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രൊജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്ക്കൂളുകളിൽ മേൽ തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (2/16.10.2024 ) നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല.

തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 17,85,259/- രൂപ തടസ്സം ചെയ്യുന്നു.

## 1-16 സാക്ഷരതാ മിഷൻ തുടർ പ്രവർത്തനം- രേഖകൾ ലഭ്യമാക്കിയില്ല

പ്രൊജക്ട് : സാക്ഷരത മിഷൻ തുടർ പ്രവർത്തനം- 114/24
അടങ്കൽ : 1,00,000/- രൂപ
വിനിയോഗിച്ച തുക : 44,400/- രൂപ (പ്ലാൻ ഫണ്ട്-ജനറൽ ) + 15400/- ഗുണഭോക്തൃ വിഹിതം
BRN 23150752030201501001/24.03.24– 44400/- (പ്ലാൻ ഫണ്ട്- ജനറൽ )
വൗച്ചർ നം : 22301326/30.03.2024 – 15400/-
നിർവ്വഹണം : ഹെഡ് മാസ്റ്റർ

മേൽ പ്രൊജക്ട് പ്രകാരം, 12 പഠിതാക്കളുടെ പത്താംതരം തുല്യതാ പരീക്ഷാ ഫീസായി കേരളാ സ്റ്റേറ്റ് സാക്ഷരതാ മിഷൻ അതോറിറ്റിക്ക് 23400/- രൂപയും (1950x12), 14 പഠിതാക്കളുടെ ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷാ ഫീസായി കേരളാ സ്റ്റേറ്റ് ലിറ്ററസി മിഷന് പഞ്ചായത്ത് വിഹിതമായി 21000/- രൂപയും (1500X 14) ഗുണഭോക്തൃ വിഹിതമായി 15400(1100x14) രൂപയും കൂടി ആകെ 59800/- രൂപ നൽകിയിട്ടുണ്ട്. പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (8/19.10.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഗുണഭോക്തൃ വിഹിതമിനത്തിൽ വകയിരുത്തിയ തുകയും ചെലവ് തുകയും സുലേഖ സ്റ്റേറ്റ്മെന്റിൽ ബുക്ക് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 അളവ് പുസ്തകം, ടെണ്ടർ ഫോറം എന്നിവ യഥാരീതിയിൽ സ്റ്റോക്കിലെടുക്കുന്നില്ല.

1) അളവ് പുസ്തകം

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2109 പ്രകാരം K.P.W. Form 84 മാതൃകയിൽ അളവ് പുസ്തകങ്ങൾക്ക് ഒരു സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കണം. ഇതിൽ അളവ് പുസ്തകത്തിന്റെ ക്രമ നമ്പർ, ഇഷ്യൂ ചെയ്യുന്ന തീയ്യതി എന്നിവ രേഖപ്പെടുത്തണം. കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റ ഒപ്പ് വാങ്ങിക്കണം. ഗ്രാമ പഞ്ചായത്തുകളിൽ അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് സൂക്ഷിപ്പ് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഗ്രാമ പഞ്ചായത്തിൽ കൈപ്പറ്റുന്ന അളവ് പുസ്തകങ്ങൾക്ക് ക്രമ നമ്പർ നൽകി സ്റ്റോക്കിലെടുക്കുകയും, അസിസ്റ്റന്റ് എഞ്ചിനിയർ/MGNREGS യുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ആയത് ആവശ്യാനുസരണം ഇഷ്യൂ ചെയ്യുകയും ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.
വൗച്ചർ നമ്പർ 22300060/24.04.2024 പ്രകാരം ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ഇ.നം. PGT 2071/22-23/ 16.12.2022 പ്രകാരം അളവ് പുസ്തകം 100 പേജ് 100 എണ്ണവും അളവ് പുസ്തകം 50 പേജ് 100 എണ്ണവും അളവ് പുസ്തകം 25 പേജ് 200 എണ്ണവും വാങ്ങിയിട്ടുണ്ട്. അളവ് പുസ്തകങ്ങളിൽ സെക്രട്ടറി ക്രമ നമ്പർ നൽകുി സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വിതരണ വിവരവും ഇല്ല. 22.10.2024 ന് നടത്തിയ ഭൗതിക പരിശോധനയിൽ 50 പേജുള്ള 150 അളവ് പുസ്തകങ്ങൾ മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിക്കുന്നതായി കണ്ടത്. അളവ് പുസ്തകം 100 പേജ് , അളവ് പുസ്തകം 25 പേജ് എന്നിവ കണ്ടെത്താൻ കഴിഞ്ഞില്ല.

2) ടെണ്ടർ ഫോം

വൗച്ചർ നമ്പർ 22300060/24.04.2024 പ്രകാരം ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ഇ.നം. PGT 2071/22-23/ 16.12.2022 പ്രകാരം 100 ടെണ്ടർ ഫോംസ് വാങ്ങിയിട്ടുണ്ട്. ആയത് സെക്രട്ടറി സ്റ്റോക്കിലെടുത്ത് (പേജ് 55) ആയത് 2 എണ്ണം വിതരണം ചെയ്തതായും ബാക്കി 98 എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരിശോധനയിൽ 297 ടെണ്ടർ ഫോമുകൾ കണ്ടെത്തി. അപാകത പരാമർശിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (18/22.10.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട സ്റ്റോക്ക് സൂക്ഷിപ്പ് നിരുത്തരവാദപരമായ രീതിയിൽ കൈകാര്യം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് . സ്റ്റോക്ക് രജിസ്റ്റർ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നു എന്നും കുറ്റമറ്റ രീതിയിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നു എന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-18 ഡെപ്പോസിറ്റ് പ്രവൃത്തി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർനമ്പർ/BRN/ തീയതി | പ്രൊജക്ട് | തുക | ഏജൻസി |
|---|---|---|---|---|
| 1 | 23150752008700969166/ 21.12.2023- | 16/24 - | (1,39,960/-വികസന | KSEB |

| | | | | |
|---|---|---|---|---|
| | 1,39,960/-(KSEB അകമ്പാടം) 22301323/30.03.2024-679959/- (580000/- (KSEB അകമ്പാടം) 99959/- (KSEB പോത്തുകല്ല്) | ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കുന്നതിനും കൺട്രോൾ യൂണിറ്റ് സ്ഥാപിക്കുന്നതിനുമുള്ള തുക കെ.എസ്.ഇ.ബിയിൽ ഡപ്പോസിറ്റ് ചെയ്യുന്നതിന് | ഫണ്ട് ജനറൽ + 679959/-ധനകാര്യ കമ്മീഷൻ അവാർഡ്) | |
| | | | 8,19,919/- | |

മേൽ പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (11/19.10.2024) നൽകിയതിനെ തുടർന്ന് പോത്തുകല്ല് കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത 99959/-രൂപ അഞ്ചാം വാർഡിൽ സ്ട്രീറ്റ് മെയിൻ നിർമ്മിക്കുന്നതിനായി പൂർണ്ണമായും ഉപയോഗിച്ചതായുള്ള പോത്തുകല്ല് കെ.എസ്.ഇ.ബി യുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. അകമ്പാടം കെ.എസ്.ഇ.ബി യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക 719960/- രൂപ തടസ്സം ചെയ്യുന്നു.

## 1-19 എടിവണ്ണ വായനശാല വയറിംഗ് -നിർവ്വഹണത്തിലെ അപാകതകൾ

സ.ഉ (കൈ) നം 84/2022/ തസ്വഭവ തി.19.04.2022 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഏറ്റെടുത്തു നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും LSGD എക്സി. എഞ്ചിനീയർ ഉൾപ്പെട്ടതും PWD, KSEB, Electrical Inspectorate എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരുമായ യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ (Technical Committee) ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. LSGD എക്സി. എഞ്ചിനീയർ Technical Committee യുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം കൺവീനർ അനുവദിക്കേണ്ടതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മതപത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 രൂപ, പരമാവധി 20000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവഹണ മേൽനോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.

2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ വൈദ്യുതീകരണ പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം.178/24
എടിവണ്ണ വായനശാല വയറിംഗ് (സ്പിൽ ഓവർ)
അടങ്കൽ : 80,000/- രൂപ
വിനിയോഗിച്ച തുക : 55000/- രൂപ (വികസന ഫണ്ട് ജനറൽ ) 24239/- തനതുഫണ്ട്
23150752008700150030/01.06.2023 – 55000/- രൂപ
22300224/13.06.2023 – 24239/-

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കണ്ടെത്തി.

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുക്കുകയും കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടില്ല.

2). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങിയിട്ടില്ല.

3). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവക്കുള്ള 2% ഓണറേറിയവും പ്രവൃത്തികളുടെ

ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള 0.5% ഓണറേറിയവും, ഉൾപ്പെടെ (ആകെ 4000/- രൂപ) ശ്രീ.അലി കുന്നത്ത് (ജില്ലാ പഞ്ചായത്ത് ടെക്നിക്കൽ കമ്മറ്റി (ഇലക്ട്രിക്കൽ)അംഗം)യുടെ 16000100027269 (ഫെഡറൽ ബാങ്ക്) ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. അപാകത പരാമർശിച്ചുകൊണ്ട് 26/22.10.2024 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും- സ്റ്റോക്കെടുപ്പ് അപാകതകൾ

മെഡിക്കൽ ഓഫീസർ FHC നിർവ്വഹണം നടത്തിയ വിവിധ പദ്ധതി ചെലവുകളിൽ നിന്നും ചാലിയാർ ഗ്രാമപഞ്ചായത്ത് FHC, വിവിധ സബ്സെന്ററുകൾ എന്നിവയിലേക്ക് ലാപ്ടോപ്പ്, കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കിയതിനും റിപ്പയർ ചെയ്തതിനും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമാകുന്ന കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മാതൃകയിലും, പൂർണ്ണ വിവരങ്ങൾ ചേർത്തുമല്ല സ്റ്റോക്കിൽ എടുക്കുന്നത്/പരിപാലിക്കുന്നത് എന്ന് കണ്ടു. ഇത്തരം അപാകതകൾ ശ്രദ്ധയിൽപ്പെട്ടവയുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം | വൗച്ചർ/ബിൽ, തുക | സ്ഥാപനം, ഇൻവോയ്സ്, മറ്റ് വിശദാംശം |
|---|---|---|---|
| 1 | 322/24, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത്&വെൽനസ്സ് പ്രവർത്തനങ്ങൾ.<br>ഹെൽത്ത് ഗ്രാന്റ് അടങ്കൽ : 3,48,000 ചെലവ് : 3,48,000 | 22301324/30.03.24, Rs. 81614 | Gem മുഖേന 2 പ്രിന്റർ (Canon LBP 2900) വാങ്ങി. Infodot Networking, Manjeri 95/16.03.24. Rs. 42800/- എളമ്പിലാക്കോട്, എരഞ്ഞിമങ്ങാട് സബ്സെന്ററുകൾക്ക് പ്രിന്ററുകൾ വാങ്ങിയത്(ബിൽ പ്രകാരമുള്ള ചെലവിൽ ബാക്കി തുക മെഡിക്കൽ അനുബന്ധ ചെലവുകൾ ആണ്) |
| | | 22301176/07.03.24, Rs. 9800 | (1)സബ്സെന്ററുകളിലെ മോഡം തകരാർ- പുതിയവ 2 എണ്ണം വാങ്ങി.<br>Sharp CCTV&Security System 863/01.12.23Rs. 2900/-(എളമ്പിലാക്കോട്), 862/01.12.23 Rs. 2900/-(മൂലേപ്പാടം)<br>(2) ചാലിയാർ FHC ലാപ്ടോപ്പ് സർവ്വീസ്-Ezra Computers 1604/07.12.23 Rs. 4000 (New SSD). |
| | | 22301176/07.03.2024, Rs. 21742 | (1) മൂലേപ്പാടം ഉപകേന്ദ്രം റൗട്ടർ, പ്രിന്റർ തകരാർ- 1497/02.12.23 Rs. 3500(New SSD).<br>(2) പെരുവമ്പാടം ഉപകേന്ദ്രം പ്രിന്റർ, കംപ്യൂട്ടർ തകരാർ- 1498/02.12.23 Rs. 1498 (ബിൽ നമ്പർ പ്രകാരമുള്ള ചെലവിൽ ബാക്കി തുക മെഡിക്കൽ അനുബന്ധ ചെലവുകൾ ആണ്.) |
| 2 | 327/24, FHCയിലേക്ക് | 23150752026301316906/04.03.2024, Rs. 55010/- | (1) Gem മുഖേന |

| | | | |
|---|---|---|---|
| | ലാപ്ടോപ്പ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ.<br>മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്<br>അടങ്കൽ: 65,047<br>ചെലവ്: 65,010 | | ലാപ്ടോപ്പ്(Dell Vostro I5 8GB 512SSD 3Yr) വാങ്ങി. Sound Solutions- GEM/309/23-24 /23.12.23. Rs. 49210/-<br>(2) കീബോർഡ്, മൗസ്, 4G റൗട്ടർ വാങ്ങി. Ezra Computers 1608/13.12.23 Rs. 5800/- |
| | | 23150752026301390153/16.03.2024, Rs. 10000/- | Gem മുഖേന FHC ഒ.പി-യിലേക്ക് പ്രിന്റർ(L130) വാങ്ങി. Infodot Networking, Manjeri 93/15.03.24. Rs. 10000/- |

അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗവ. സർക്കുലർ നം. 86/2010/ഫിൻ തി. 24.09.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല.

മേൽ ഉപകരണങ്ങൾ കൈപ്പറ്റിയതായി/സബ്സെന്ററുകൾക്ക് വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ആയവ വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ ചേർത്ത് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്കിൽ എടുത്തിട്ടില്ല. മുൻ വർഷങ്ങളിൽ കൈപ്പറ്റിയ ഉപകരണങ്ങളുൾപ്പെടെ രജിസ്റ്ററിൽ ഉപകരണങ്ങൾ ലഭ്യമായ തിയ്യതിക്ക് നേരെ ഉപകരണത്തിന്റെ പേരും എണ്ണവും രേഖപ്പെടുത്തുകയാണ് ചെയ്തത്. ഇതിൽ ആശുപത്രിയിലെ കമ്പ്യൂട്ടർ ഹാർഡ് വെയറുകളെ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമല്ല.

ഉപകരണം ഓരോന്നിനും സ്റ്റോക്ക് നമ്പർ ഇട്ടതായോ, പദ്ധതി നമ്പറോ, വാറണ്ടി ഉറപ്പ് വരുത്തുന്നതിലേക്കും ഉപകരണം പിന്നീട് തിരിച്ചറിയുന്നതിലേക്കുമായി ബ്രാൻഡ്, സീരിയൽ നമ്പർ, വില മറ്റ് വിവരങ്ങൾ രജിസ്റ്ററിലോ സ്റ്റോക്ക് നമ്പർ/പദ്ധതി വിവരം ഉപകരണങ്ങളിലോ രേഖപ്പെടുത്തിയിട്ടില്ല.

2) പട്ടികയിലെ ക്രമ നം1-ൽ കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ റിപ്പയർ ചെയ്തിയിട്ടുള്ളതിനാൽ, ആശുപത്രിയിൽ നിലവിലുള്ള ഉപകരണങ്ങൾ തകരാറിലായതിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, ഉപകരണത്തിന്റെ പ്രവർത്തന കാലയളവ് (സർക്കാർ ഉത്തരവ് (എം.എസ്) നം.27/2018/ഐ.ടി.ഡി തിയതി. 28.10.2018, സർക്കാർ ഉത്തരവ് (എം.എസ്) നം.30/2021/ഐ.ടി.ഡി തിയതി. 01.10.2021 തുടങ്ങിയവ ) പരിശോധിച്ച ശേഷമാണോ റിപ്പയർ നടപടികൾ സ്വീകരിച്ചത് എന്നത് വ്യക്തമല്ല. ഉപയോഗ ശൂന്യമായവ സ്റ്റോക്കിൽ നിന്നും മാറ്റി ഉപയോഗ ശൂന്യമായവയുടെ ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്റർ സൂക്ഷിച്ച് ആയതിലേക്ക് ചേർത്തിട്ടുണ്ടോ എന്നതും മേൽ ബുക്കിലുള്ള എല്ലാ ഉപകരണങ്ങളും നിലവിൽ ആശുപത്രിയിൽ ഉണ്ടോ എന്നതും വ്യക്തമല്ല.

3) ഇൻവോയ്സ്/ജെം കോൺട്രാക്ട് പ്രകാരമുള്ള സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണങ്ങൾ തന്നെയാണ് വിതരണം ചെയ്തത് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥയോ മറ്റോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) ലഭ്യമാക്കിയ രജിസ്റ്ററിൽ സ്റ്റോക്കുകളുടെ വാർഷിക കണക്കെടുപ്പ് നടത്തിയതിന്റെ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി, ഓരോ ഉപകരണങ്ങൾക്കും പ്രത്യേകം പേജ് അനുവദിച്ച് സ്റ്റോക്ക് നമ്പർ, ബിൽ/വൗച്ചർ, മോഡൽ/സീരിയൽ നമ്പർ, വില, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും സ്റ്റോക്ക് എൻട്രി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. കേടാവുന്ന ഉപകരണങ്ങൾ ഉപയോഗ കാലയളവും റിപ്പയർ ചെയ്യുന്നത് ലാഭകരമാണോ എന്നതും പരിശോധിച്ച ശേഷം കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലോട് കൂടി ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റേണ്ടതും ഇവ സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കയ്യൊഴിയേണ്ടതുമാണ്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും, ഓഫീസ് ഫർണ്ണിച്ചറുകൾക്കും സ്റ്റോറുകൾക്കും, പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 29/2023-24 തീയതി 22.10.2024ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും മറ്റും സർക്കാർ നിർദ്ദേശപ്രകാരമുള്ള മാതൃകയിൽ അതത് സ്ഥാപനങ്ങളിൽ സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-21 ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം-അധിക തുക നൽകി, മറ്റ് അപാകതകൾ

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ
പദ്ധതി : 25/24 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം.

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ തുക 1850000/-രൂപയിൽ (1050000 പ്ലാൻ ഫണ്ട് വിഹിതം + 600000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം + 200000 ജില്ലാ പഞ്ചായത്ത് വിഹിതം) ചുവടെ ചേർത്ത പ്രകാരം 827000/- രൂപ (67000 പ്ലാൻ ഫണ്ട് വിഹിതം+600000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം+ 160000 ജില്ലാ പഞ്ചായത്ത് വിഹിതം) വിവിധ ഭിന്നശേഷി വിദ്യാർത്ഥികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ നം/തിയതി | തുക |
|---|---|---|
| 1 | 2315075202660048819 7/22.08.23 | 67000 |
| 2 | 23150752026600687174/21.10.23 | 600000 |
| 3 | 23150752026600898000/06.12.23 | 160000 |
| ആകെ | | 827000/- |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

**1) 34000 രൂപ അധികം നൽകി**

പദ്ധതി ഫയൽ പരിശോധിച്ചതിൽ, 2023-24 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/ത.സ്വ.ഭ.വ തിയതി. 28.05.2022 ഖണ്ഡിക 7.1.6 പട്ടികകൾ പ്രകാരം ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നിശ്ചയിച്ചിട്ടുള്ള തുകകളിൽ നിന്നും അധികരിച്ച്, ചില വിദ്യാർത്ഥികൾക്ക് 2023-24 വർഷത്തിൽ സ്കോളർഷിപ്പ് തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര്, പഠിക്കുന്ന ക്ലാസ്, സ്ഥാപനം | ഭിന്നശേഷി സ്വഭാവം, സർട്ടിഫിക്കറ്റ് വിവരം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക, ബിൽ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ഷാദിൻ കെ, പാറെക്കാട്ട്, ഇടിവണ്ണ പി.ഒ.<br>A/c No. 67106581797/SBIN0070194, GHSS എരഞ്ഞിമങ്ങാട് (+1) | മെന്റൽ റിട്ടാർഡേഷൻ 75%<br>മെ.ബോ. സർട്ടിഫിക്കറ്റ് 94/2021 /27.03.2021 | 28500/- | മുകളിലെ പട്ടികയിലെ ക്രമനം. (1),(2),(3) ബില്ലുകളിൽ നിന്നും യഥാക്രമം, 28500, 4000, 12000 എന്നിങ്ങനെ ആകെ 44500/- രൂപ അനുവദിച്ചു. | 16000/- |
| 2 | വിജേഷ് വി.ആർ,<br>A/c No. 67339887433/SBIN0070194, ബഥാനിയ സ്പെഷ്യൽ സ്കൂൾ വടപുറം-വൊക്കേഷനൽ ക്ലാസ് | മെന്റൽ റിട്ടാർഡേഷൻ 40%<br>മെ.ബോ. സർട്ടിഫിക്കറ്റ് 102156/26.07.2010 | 28500/- | മുകളിലെ പട്ടികയിലെ ക്രമനം. (1), (2), (3) ബില്ലുകളിൽ നിന്നും യഥാക്രമം, 28500, 12000, 4000 എന്നിങ്ങനെ ആകെ 44500/- രൂപ അനുവദിച്ചു. | 16000/- |
| 3 | മുംതാസ് ബീഗം<br>A/c No. 40171101012905/KLGB0040171, അനുയാത്ര അസ്സിസ്റ്റഡ് ലിവിംഗ് ഹോം, ചാലിയാർ | മെന്റൽ റിട്ടാർഡേഷൻ 50%<br>മെ.ബോ. സർട്ടിഫിക്കറ്റ് 100998/26.07.2010 | 24000/- | മുകളിലെ പട്ടികയിലെ ക്രമനം. (1),(2),(3) ബില്ലുകളിൽ നിന്നും യഥാക്രമം, | 2000/- |

| | | | | |
|---|---|---|---|---|
| | | (ഡേ കെയർ സെന്ററിലാണ് പഠിക്കുന്നത്) | | 10000, 12000, 4000 എന്നിങ്ങനെ ആകെ 26000/- രൂപ അനുവദിച്ചു. |

**2) അപേക്ഷ അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.**

ചുവടെ ചേർത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ടെങ്കിലും ടി വ്യക്തികളുടെ മെഡിക്കൽ ബോർഡ്, സ്കൂൾ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

A) സജ്ന കെ.പി - ആദ്യ പട്ടികയിലെ ക്രം നം. 2, 3 ബില്ലുകളിൽ നിന്നായി യഥാക്രമം 12000, 4000 എന്നിങ്ങനെ ആകെ 16000 നൽകിയിട്ടുണ്ട്.

B) അദീപ് - ആദ്യ പട്ടികയിലെ ക്രം നം. 2 ബില്ലിൽ നിന്ന് 12000 രൂപ നൽകിയിട്ടുണ്ട്.

**3) ഗുണഭോക്താക്കളുടെ പേരുകൾ ട്രഷറി ബില്ലുകളിൽ തെറ്റായി രേഖപ്പെടുത്തുന്നു.**

ചില ഗുണഭോക്താക്കളുടെ പേരുകൾ ട്രഷറി ബില്ലുകളിലും അപേക്ഷ പ്രകാരമുള്ള രേഖകളിലും വ്യത്യാസപ്പെട്ടിരിക്കുന്നുണ്ട്.

| ക്രമ നം | രേഖകൾ പ്രകാരമുള്ള പേര് | ട്രഷറി ബിൽ പ്രകാരമുള്ള പേര് |
|---|---|---|
| 1 | മുർഷിദ വി.ടി | മുർഷാദ് വി.ടി |
| 2 | മനുപ്രസാദ് | പ്രസാദ് |

**4) തെറ്റായ അക്കൗണ്ടിലേക്ക് തുക അനുവദിച്ചു**

ശ്രീമതി സമീന എന്നവർക്ക് ആദ്യ പട്ടികയിലെ ക്രം നം. 2, 3 ബില്ലുകളിൽ നിന്നായി യഥാക്രമം 12000, 4000 എന്നിങ്ങനെ ആകെ 16000 രൂപ 901070000050/SBIN0070194 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ അപേക്ഷ പ്രകാരമുള്ള രേഖകളിൽ ടിയാരിയുടെ ബാങ്ക് അക്കൗണ്ട് കേരള ഗ്രാമീൺ ബാങ്കിലെ 40171101104455 നമ്പർ അക്കൗണ്ട് ആണ്.

**5) രജിസ്റ്ററിൽ പൂർണ്ണമായി രേഖപ്പെടുത്തലുകൾ ഇല്ല**

സ്കോളർഷിപ്പ് വിതരണ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നതിന് ഒരു രജിസ്റ്റർ ഉണ്ടെങ്കിലും ആയതിൽ സ്കോളർഷിപ്പ് അനുവദിച്ച എല്ലാ വിദ്യാർത്ഥികളുടെയും പേര്, അനുവദിച്ച തുക, ബിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

**6) പ്ലാൻ ഫണ്ടിൽ നിന്നും 1050000/- രൂപ വകയിരുത്തിയെങ്കിലും 67000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.** മാനസിക വെല്ലുവിളി നേരിടുന്ന നിരവധി വിദ്യാർത്ഥികൾക്ക് പരമാവധി 16000 രൂപ മാത്രമാണ് സാമ്പത്തിക വർഷത്തിൽ അനുവദിച്ചത്.

ക്രമ നം.1 ലെ പട്ടികയിൽ പരാമർശിച്ചത് പ്രകാരം 34000 രൂപ അനർഹമായി അധികം അനുവദിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കേണ്ടതും, അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ 34000/- രൂപ തിരികെ അടവാക്കി അറിയിക്കേണ്ടതുമാണ് എന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 05/18.10.2024ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

ക്രമ നം.1 പ്രകാരം അധികം നൽകിയ 34000/- രൂപ തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽ തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കുന്നതിന് സർച്ചാർജ്ജ് നടപടിക്ക് ശുപാർശ ചെയ്യുന്നതാണ്.

ക്രമ നം.2 പ്രകാരമുള്ള 16000+12000=28000/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി തുക ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 1-22 ഭിന്നശേഷിക്കാരുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കിയില്ല

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി : 25/24 ഭിന്നശേഷി കുട്ടികൾക്ക് സ്കേളർഷിപ്പ് വിതരണം.

മേൽ പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്തു പരിധിയിലുള്ള ആകെ 50 ഭിന്നശേഷി വിദ്യാർഥികൾക്കായി ഒരു വർഷത്തേക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് ഇനത്തിൽ 827000/-രൂപ അനുവദിച്ചിട്ടുണ്ട്. വികസന ഫണ്ട് 67000/- രൂപയും, ബ്ളോക്ക് പഞ്ചായത്തു വിഹിതം 600000/-രൂപയും, ജില്ലാ പഞ്ചായത്തു വിഹിതം 160000/-രൂപയും ചെലവഴിച്ചാണ് സ്കോളർഷിപ്പ് അനുവദിച്ചത്.

പദ്ധതി നടത്തിപ്പിന്റെ മുന്നോടിയായി ഗുണഭോക്താക്കളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കി പഠനം നടത്തുന്ന സ്ഥാപനം, പ്രായം, വൈകല്യത്തിന്റെ സ്വഭാവം തുടങ്ങി അവശ്യമായ വിവരങ്ങൾ ചേർത്ത് ഡാറ്റാബേസ് തയ്യാറാക്കിട്ടില്ല. തുക അനുവദിക്കപ്പെട്ട ബില്ലുകൾ പ്രകാരമുള്ള

തുകയും ഗുണഭോക്താക്കളുടെ പേരുകളും രജിസ്റ്ററിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കാനും കാലാകാലങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമായി സൂക്ഷിക്കാനും നിർദ്ദേശമുള്ളതാണ്. പഞ്ചായത്തിൽ ഭിന്നശേഷി വിഭാഗക്കാരുടെ വാർഡ് തലത്തിലുള്ള സർവ്വേ പൂർത്തിയാക്കി ആയതിലെ വിവരം ക്രോഡീകരിച്ച് ഭരണസമിതി പരിശോധിച്ച് രജിസ്റ്ററായി സൂക്ഷിച്ചിട്ടില്ല, ഇത്തരം രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 17.08.16ലെ 2465/2016 /തസ്വഭവ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചതാണ്.

ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡാറ്റാബേസ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കാനും അല്ലാത്ത പക്ഷം ആയത് തയ്യാറാക്കി സൂക്ഷിയ്ക്കാത്തതിന് കാരണം അറിയിക്കാനും ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 06/2023-24 തീയതി 18.10.2024ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള, ഭിന്നശേഷിക്കാരുടെ ഡാറ്റാരജിസ്റ്റർ തയ്യാറാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 ICDS സൂപ്പർവൈസർക്ക് കാബിൻ സൗകര്യം-അധിക തുക നൽകി, സ്റ്റോക്കെടുപ്പ്, മറ്റ് അപാകതകൾ

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി : 343/24, ICDS സൂപ്പർവൈസർക്ക് കാബിൻ സൗകര്യം ഒരുക്കൽ

അടങ്കൽ : 168569/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ് )

ചെലവ് : 154108/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ബിൽ നം. : 23150752026601491896/24.03.24

ICDS സൂപ്പർവൈസർക്ക് കാബിൻ സൗകര്യം ഒരുക്കലിന്റെ ഭാഗമായി ഫർണ്ണിച്ചറുകൾ ലഭ്യമാക്കുകയും പാർട്ടീഷൻ വർക്ക് നടത്തുകയും ചെയ്തതിന് സിഡ്കോ മഞ്ചേരി-ക്ക് MJRI/23-24/319/25.03.2024 നമ്പർ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് ചെലവ് തുക അനുവദിച്ചത്. ICDS-101/23/18.01.24 നമ്പർ ടെണ്ടർ നോട്ടീസ്, സിഡ്കോ ഇൻവോയ്സ് എന്നിവ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | വില | 18% GST ഉൾപ്പടെ വില |
|---|---|---|---|---|
| 1 | Office Table Cubic 18mm Rubwood | 1 | 24900 | 29382 |
| 2 | Office Cupboard By Using Good Quality 18mm Rubwood And Polished Finish With Door Including Steel Handle Multilok And Auto Hinges ETC Complete. | 1 | 22500 | 26550 |
| 3 | Executive Chair- High Back Revolving Hydraulic Lift Seat&back | 1 | 7500 | 8850 |
| 4 | Partition Work- Office Partition Wall With Door By Using Good Quality 18mm Plywood, 15mm Plywood And 12mm Marine Plywood With 1mm Mica 12mm Glass And Inside Painted Finish, Drawer And Cupboard Sliding Keyboard File Manager, Steel Handle Provision CPU/UPS, With Lock And Key 345x300 | 1 | 69800 | 82364 |
| 5 | Computer Chair Pushback, Manual Lift With Arm | 1 | 5900 | 6962 |
| ആകെ | | | | 154108 |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിലും 19.10.24ന്, മേൽ കാബിൻ സൗകര്യം ഒരുക്കിയ മുറി ഓഡിറ്റ് നേരിട്ട് പരിശോധ നടത്തിയതിലും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ICDS ഓഫീസിനായി മേൽ കാബിൻ സൈകര്യം ഒരുക്കിയ മുറി നാളിതുവരെ ഓഫീസ് പ്രവർത്തനത്തിന് ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. മുറിയിൽ വൈദ്യുതി ലഭ്യവുമല്ല.

2) പൂർണ്ണമായ രേഖപ്പെടുത്തലോടെ ലഭ്യമായ 3 ടെണ്ടറുകളിൽ (ആർട്കോ മലപ്പുറം Rs.164116/- , സിഡ്കോ മഞ്ചേരി - Rs.154108, ഫിഡ്കോ ഒളവണ്ണ Rs. 145152/-) കുറഞ്ഞ വില രേഖപ്പെടുത്തിയ ഫിഡ്കോ-യെ തെരഞ്ഞെടുക്കാതെ സിഡ്കോ മഞ്ചേരിയെ തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്. ഇത് വഴി 154108-145152=8956/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

3) ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയോ, നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശിപാർശയോടെ പ്രക്യുർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

4) പ്രക്യുർമെന്റ് കമ്മിറ്റി തീരുമാനം ഇല്ല. പ്രക്യർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ 24.02.2024ന് ചേർന്ന പ്രൊക്യർമെന്റ് കമ്മിറ്റി മിനിട്ട്സിലോ (ഇതിന് ശേഷം നാളിതുവരെ പ്രക്യർമെന്റ്

കമ്മിറ്റി ചേർന്നതായി ടി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) മറ്റോ ഈ പദ്ധതി സംബന്ധിച്ച രേഖപ്പടുത്തലുകളും ഇല്ല.

5) സാംപിൾ ഹാജരാക്കുന്നതിന് സ്ഥാപനങ്ങൾക്ക് കത്ത് നൽകുകയോ, സാംപിൾ പരിശോധന നടത്തുകയോ ചെയ്തിട്ടില്ല.

6) വർക്ക്/ഫർണ്ണിച്ചറുകൾ വിതരണം ചെയ്ത സിഡ്കോ-മഞ്ചേരിയുമായി കരാർ ചമച്ചിട്ടില്ല.

7) പട്ടികയിലെ ക്രമ നം. 2 പ്രകാരമുള്ള കബോർഡിന് 22500 രൂപയാണ് വില കാണിച്ചിരിക്കുന്നത്, ടെണ്ടറിലും ഇൻവോയ്സിലും കബോർഡിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല. സൈറ്റ് പരിശോധിച്ചതിൽ മേൽ കബോർഡിന് പകരം രണ്ട് ഡോറുള്ള നാല് അറകളായുള്ള 130x80x43cm സൈസിലുള്ള ഒരു അലമാരയാണ് കാണാൻ കഴിഞ്ഞത്.

8) പട്ടികയിലെ ക്രമ നം. 4 പ്രകാരമുള്ള പാർട്ടീഷൻ വർക്കിൽ പറഞ്ഞിട്ടുള്ള 'Inside Painted Finish, Drawer And Cupboard Sliding Keyboard File Manager, Steel Handle Provision CPU/UPS' എന്ന പ്രവൃത്തി ചെയ്ത് കംപ്യൂട്ടർ Keyboard, CPU/UPS, File Manager സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല എന്നും 345x300 സൈസിലുള്ള ഡോറുൾപ്പെടെയുള്ള പാർട്ടീഷൻ വാൾ മാത്രമാണ് ചെയ്തിട്ടുള്ളത് എന്നും നേരിൽ പരിശോധിച്ചതിൽ കണ്ടു. ടെണ്ടർ നോട്ടീസ്, ടെണ്ടർ, ഇൻവോയ്സ് എന്നിവയിൽ മേൽ പ്രവൃത്തി/വില ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ടി വർക്ക് ചെയ്യാതെ ആയതിന്റെ കൂടി വില ചേർത്ത് മൊത്തം ഒരു യൂണിറ്റാക്കി ഇതിന് 69800 രൂപ അനുവദിക്കുകയാണ് ചെയ്തത്. ചെയ്യാത്ത വർക്കിന്റെ വില കൂടി ചേർത്ത് നൽകിയത് അംഗീകരിക്കാവുന്നതല്ല. മേൽ വർക്ക് കൂടി ചെയ്ത് രേഖകൾ വിവരം ലഭ്യമാക്കുകയോ ടി വർക്കിന്റെ വില തിരികെ അടവാക്കുകയോ ചെയ്യേണ്ടതുണ്ട്.

9) പ്രൊക്യുർമെന്റ് പ്ലാൻ പ്രകാരം ആവശ്യകത വാർഷിക ഇൻഡന്റ് തയ്യാറാക്കി ആവശ്യകത ഉറപ്പാക്കിയ ശേഷമല്ല പദ്ധതി/വാങ്ങൽ നടപടികൾ ആരംഭിച്ചത്.

10) സിഡ്കോ-യുടെ ഡെലിവറി ചലാൻ ഹാജരാക്കിയിട്ടില്ല.

11) ഉപകരണങ്ങൾക്ക് ഓരോന്നിനും സ്റ്റോക്ക് നമ്പർ ഇട്ടതായോ, പദ്ധതി നമ്പറോ, വാറണ്ടി ഉറപ്പ് വരുത്തുന്നതിലേക്കും പിന്നീട് തിരിച്ചറിയുന്നതിലേക്കുമായി ഇൻവോയ്സ്/സീരിയൽ നമ്പർ, വില മറ്റ് വിവരങ്ങൾ ചേർത്ത് സ്റ്റോക്കിൽ എടുത്തിട്ടില്ല. രജിസ്റ്ററിലോ സ്റ്റോക്ക് നമ്പർ/പദ്ധതി വിവരം ഫർണ്ണിച്ചറുകളിലോ രേഖപ്പെടുത്തിയതായി കാണുന്നില്ല. ബിൽ ഓഫീസ് പകർപ്പിലോ മറ്റോ സ്റ്റോക്കെടുപ്പ് സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

12) 24.03.2024ന് ആണ് തുക അനുവദിച്ചത്. കേരള ഫിനാൻഷ്യൽ കോഡ് റൂൾ 140 മുതൽ 154 വരെ വ്യവസ്ഥകൾ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ലഭ്യമായി ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്. സ്റ്റോക്കെടുപ്പ് നടത്താതെ തുക അനുവദിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്.

13) ഉപകരണങ്ങളുടെ വാറണ്ടി ഉറപ്പാക്കിയിട്ടില്ല.

14) മേൽ കാബിൻ സൗകര്യം ഒരുക്കിയ മുറിയിൽ ഉപയോഗ ശൂന്യമായ അലമാരകളും ടേബിളുകളും സൂക്ഷിച്ചിട്ടുണ്ട്. ഇവ ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്റർ സൂക്ഷിച്ച് ആയതിലേക്ക് മാറ്റിയിട്ടുണ്ടോ എന്നതും വ്യക്തമല്ല.

ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ, ബിൽ, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് KFC Form നം.18 രീതിയിൽ സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും വാറണ്ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാക്കുമ്പോൾ മേൽ കാര്യങ്ങൾ ഉറപ്പ് വരുത്തി സ്റ്റോക്കിലെടുത്ത ശേഷമേ ആയവയുടെ തുക അനുവദിക്കാവൂ എന്നതുൾപ്പടെയുള്ള കാര്യങ്ങൾ KFC Rule 140 മുതൽ 154 വരെ വ്യക്തമാക്കിയിട്ടുള്ളതാണ്. കേടാവുന്ന ഉപകരണങ്ങൾ കാരണം രേഖപ്പെടുത്തി കൺട്രോളിംഗ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോട് കൂടി ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റേണ്ടതും ഇവ സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കയ്യൊഴിയേണ്ടതുമാണ്. ഇക്കാര്യങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥ വീഴ്ച വരുത്തിയതായി കാണുന്നു.

അപാകതകൾ സൂചിപ്പിച്ച് കൊണ്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/2023-24 തീയതി 22.10.2024ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ അപാകതകൾ കാരണവും ചെയ്യാത്ത വർക്കിന് തുക അനുവദിച്ചത് കാരണവും അധിക തുക ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല. അപാകത ക്രമ നം.2, 8 എന്നിവ പ്രകാരമുള്ള അധിക തുക തിരികെ അടവാക്കേണ്ടതും ഫർണ്ണിച്ചറുകൾ ശരിയായ രീതിയിൽ സ്റ്റോക്കിലെടുക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 154108 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 വയോജന കേന്ദ്രം ആരംഭിക്കൽ- വാങ്ങൽ, വിതരണം, സ്റ്റോക്കെടുപ്പ് അപാകതകൾ

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി : 35/24, വയോജന കേന്ദ്രം ആരംഭിക്കൽ

അടങ്കൽ : 140000/- (വികസന ഫണ്ട് ജനറൽ)

ചെലവ് : 137942/-

ബിൽ നം. 2315075202660149177O/24.03.24

വയോജനങ്ങൾക്ക് ഏറ്റവും എളുപ്പത്തിൽ ഒത്ത്ചേരുന്നതിനും ഉല്ലാസത്തിനും മറ്റുമായാണ് പദ്ധതി ആവിഷ്കരിച്ചത്. ഇതിനായുള്ള സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 14 അംഗനവാടികളിലേക്ക് ഓരോ ടേബിളും നെയിം ബോർഡും ചുവടെ ചേർത്ത പ്രകാരം സിഡ്കോ-യിൽ നിന്ന് വാങ്ങിയിട്ടുണ്ട്. സിഡ്കോ മഞ്ചേരി-ക്ക് MJRI/23-24/317/25.03.2024 നമ്പർ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് ചെലവ് തുക അനുവദിച്ചത്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | ഉപകരണം | എണ്ണം | ഒരെണ്ണം വില | ആകെ വില |
|---|---|---|---|---|
| 1 | Table With Steel Frame And Wooden Top (അളവ് രേഖപ്പെടുത്തിയിട്ടില്ല) | 14 | 5015 | 70210 |
| 2 | Name Board (120x90cm GI Squre Pipe Frame Board-ACP Sheet&Vinyle Printing ) | 14 | 4838 | 67732 |
| ആകെ | | | | 137942 |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയ്യതി 08-11-2010 പ്രകാരം മതിപ്പുവില 1,00,000 രൂപയിൽ കൂടുതലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ മുഖേനയാണ് നടത്തേണ്ടത് എന്നാൽ മേൽ വാങ്ങൽ നടപടികളുടെ, ടെണ്ടർ നോട്ടീസ്, ടെണ്ടർ രേഖകൾ തുടങ്ങിയവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വാങ്ങൽ നടപടികൾ സംബന്ധിച്ച, ടെണ്ടർ നോട്ടീസ്, ടെണ്ടറുകൾ, കംപാരറ്റീവ് സ്റ്റേറ്റ്മെന്റ്, പ്രക്യർമെന്റ് കമ്മിറ്റി തീരുമാനം, സപ്ലേ ഓർഡർ, കരാർ പത്രം, ഡെലിവറി ചലാൻ, തുടങ്ങിയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2) വയോജന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഏതൊക്കെ അംഗനവാടികളെയാണ് തെരഞ്ഞെടുത്തത് എന്നതും ആയത് സംബന്ധിച്ച ഭരണസമിതി തീരുമാനവും ലഭ്യമാക്കേണ്ടതാണ്.

3) 14 എണ്ണം ടേബിളുകളും ബോർഡുകളും ഏതൊക്കെ വയോജന കേന്ദ്രങ്ങൾക്കാണ്/അംഗനവാടികൾക്കാണ് നൽകിയത്/സ്ഥാപിച്ചത് എന്നത് സംബന്ധിച്ച വിവരം/ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച അംഗനവാടികളിൽ നിന്നുള്ള കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല.

4) ലഭ്യമായ ഉപകരണങ്ങൾ സ്റ്റോക്ക് നമ്പർ ഇട്ടതായോ, പദ്ധതി നമ്പറോ, വാറണ്ടി ഉറപ്പ് വരുത്തുന്നതിലേക്കും പിന്നീട് തിരിച്ചറിയുന്നതിലേക്കുമായി ഇൻവോയ്സ്/സീരിയൽ നമ്പർ, വില മറ്റ് വിവരങ്ങൾ രജിസ്റ്ററിലോ സ്റ്റോക്ക് നമ്പർ/പദ്ധതി വിവരം ഫർണ്ണിച്ചറുകളിലോ രേഖപ്പെടുത്തിയതായി വിവരം ഇല്ല. ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പ് വരുത്തിയതായും ഇല്ല.

5) കേരള ഫിനാൻഷ്യൽ കോഡ് റൂൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ലഭ്യമായി ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്. എന്നാൽ സ്റ്റോക്കെടുക്കുന്നതിന് മുൻപ് തന്നെ തുക അനുവദിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

6) ഇൻവോയ്സ് പ്രകാരമുള്ള ഉപകരണങ്ങൾ തന്നെയാണ് വിതരണം ചെയ്തത് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥയോ കൈപ്പറ്റിയ അംഗനവാടി ടീച്ചേഴ്സോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബിൽ ഓഫീസ് പകർപ്പിൽ അക്കാര്യമോ സ്റ്റോക്ക് സാക്ഷ്യപത്രമോ രേഖപ്പെടുത്തിയിട്ടില്ല.

7) ഗ്രാമപഞ്ചായത്തിൽ വയോജന കേന്ദ്രങ്ങൾക്ക് മറ്റ് കെട്ടിടങ്ങളോ കേന്ദ്രങ്ങളോ ഉണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 21/2023-24 തീയതി 22.10.2024ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതും സ്റ്റോക്കെടുപ്പ് വിവരം ലഭ്യമാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 137942/- ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 അംഗനവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ- വിതരണം, സ്റ്റോക്കെടുപ്പ്, മറ്റ് അപാകതകൾ

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി : 51/24,അംഗനവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ

അടങ്കൽ : 101000/-(CFC 1000+ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് 100000)

ചെലവ് : 98000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ബിൽ നം. : 23150752026601491836/24.03.24

ഗ്രാമപഞ്ചായത്തിലെ 14 അംഗനവാടികളിലേക്ക് പദ്ധതി പ്രകാരമുള്ള, ചുവടെ ചേർത്ത ഫർണ്ണിച്ചറുകൾ ലഭ്യമാക്കിയതിന് സിഡ്കോ മഞ്ചേരി-ക്ക് MJRI/23-24/318/25.03.2024 നമ്പർ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് ചെലവ് തുക അനുവദിച്ചത്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | ഉപകരണം | എണ്ണം | ഒരെണ്ണം വില | 18% ടാക്സ് ഉൾപ്പടെ ആകെ വില |
|---|---|---|---|---|
| 1 | Steel Desk (120x40x65cm, 1.25x1.25 Sq Pipe, 18mm HDF Top&Book Shelf) | 14 | 3390 | 56000 |
| 2 | Steel Bench (120x30x40cm, 1.25x1.25 Sq Pipe, 18mm HDF Top& Back Rest) | 14 | 2542 | 42000 |
| ആകെ | | | | 98000 |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടെണ്ടർ നടപടികളിലൂടെയാണ് വാങ്ങിയത് എന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. ടെണ്ടർ നോട്ടീസ് ഹാജരാക്കിയിട്ടില്ല.

2) 6 സ്ഥാപനങ്ങളുടെ ടെണ്ടറുകൾ പരിശോധനക്ക് ഹാജരാക്കി, ഇതിലെല്ലാം വിവിധ തരം ബെഞ്ചും ഡെസ്കുകളുടെയും വിലകളാണ് രേഖപ്പെടുത്തിയത്. ടെണ്ടർ നോട്ടീസ് ഉണ്ടെങ്കിൽ തന്നെ ആയതിൽ കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിരുന്നില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്.

3) താരതമ്യ പട്ടിക പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 10 സ്ഥാപനങ്ങളുടെ ടെണ്ടറുകൾ ലഭ്യമായതിൽ 5 സ്ഥാപനങ്ങൾ മാത്രം സാംപിൾ ഹാജരാക്കിയതായി രേഖപ്പെടുത്തി, സാംപിളുകൾ പരിശോധിച്ചതിൽ മൂന്നാമതായി (L3) കുറഞ്ഞ വില രേഖപ്പെടുത്തിയ സിഡ്കോ മഞ്ചേരിയുടെ ടെണ്ടർ അംഗീകരിച്ചതായി 24.02.24ലെ പ്രക്യർമെന്റ് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ താരതമ്യ പഠനം നടത്തുന്നതിലേക്ക് വിവിധ സ്ഥാപനങ്ങൾക്ക് സാംപിൾ ഹാജരാക്കാനാവശ്യപ്പെട്ട് കത്ത് നൽകിയതായോ പരിശോധനക്കായി ബന്ധപ്പെട്ട വിഷയവിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കിയതായോ പരിശോധന റിപ്പോർട്ട് ഫയലിൽ ഹാജരാക്കിയതായോ ഇല്ല. മതിയായ മത്സര സ്വഭാവത്തോടെയുള്ള ടെണ്ടറോ സാംപിൾ പരിശോധനയോ നടത്താതെയാണ് വാങ്ങൽ നടത്തിയതെന്ന് മേൽ കാരണങ്ങളാൽ വ്യക്തമാണ്.

4) പ്രൊക്യുർമെന്റ് പ്ലാൻ പ്രകാരം ആവശ്യകത നിർണ്ണയിക്കുന്നതിലേക്കായി വിവിധ അംഗനവാടികളിൽ നിന്നും അവർക്കാവശ്യമായ ഫർണ്ണിച്ചറുകൾ എതൊക്കെയാണ് എന്നത് സംബന്ധിച്ച ആവശ്യകത കത്തുകൾ ലഭ്യമാക്കി ആവശ്യകത ഉറപ്പാക്കിയ ശേഷമല്ല പദ്ധതി/വാങ്ങൽ നടപടികൾ ആരംഭിച്ചത്.

5) ഫർണ്ണിച്ചറുകൾ ഏതൊക്കെ അംഗനവാടികൾക്ക് എത്ര എണ്ണം വിതരണം ചെയ്തു എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

6) അംഗനവാടികളുടെ കൈപ്പറ്റുകൾ ലഭ്യമാക്കിയിട്ടില്ല.

7) സിഡ്കോ-യുടെ ഡെലിവറി ചലാൻ ഹാജരാക്കിയിട്ടില്ല. ഫർണ്ണിച്ചർ വിതരണം സംബന്ധിച്ച വ്യക്തത വരുത്തുന്നതിനായി രണ്ട് അംഗനവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ആയത് പരിശോധിച്ചതിൽ 13.05.2024തിയതിയിൽ ഡെസ്ക്, ബെഞ്ച് എന്നിവ ഒരെണ്ണം മലപ്പുറത്ത് നിന്നും ലഭ്യമായതായി, മുൻ വർഷങ്ങളിൽ കൈപ്പറ്റിയ ഉപകരണങ്ങളുൾപ്പടെ ആസ്തി/സ്റ്റോക്ക് രജിസ്റ്ററായി കണക്കാക്കിയ ഒരു നോട്ട്ബുക്കിൽ രേഖപ്പെടുത്തിയത് കണ്ടു. എന്നാൽ ഈ പദ്ധതി പ്രകാരം ലഭ്യമായവ ആണ് മേൽ ഫർണ്ണിച്ചറുകൾ എന്ന് ഉറപ്പാക്കുന്നതിനുള്ള യാതൊരു വിവരങ്ങളും മേൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ഉപകരണം ഓരോന്നിനും സ്റ്റോക്ക് നമ്പർ ഇട്ടതായോ, പദ്ധതി നമ്പറോ, വാറണ്ടി ഉറപ്പ് വരുത്തുന്നതിലേക്കും പിന്നീട് തിരിച്ചറിയുന്നതിലേക്കുമായി ഇൻവോയ്സ്/സീരിയൽ നമ്പർ, വില മറ്റ് വിവരങ്ങൾ രജിസ്റ്ററിലോ സ്റ്റോക്ക് നമ്പർ/പദ്ധതി വിവരം ഫർണ്ണിച്ചറുകളിലോ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പ് വരുത്തിയതായും ഇല്ല.

8) ഫർണ്ണിച്ചറുകൾ 13.05.2024ന് ആണ് അംഗനവാടികൾക്ക് വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ 24.03.2024ന് തന്നെ തുക അനുവദിച്ചിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് റൂൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ലഭ്യമായി ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്. എന്നാൽ മേൽ ഫർണ്ണിച്ചറുകൾ ലഭ്യമാകുന്നതിന് മുൻപ് തന്നെ അഡ്വാൻസ് തുക

അനുവദിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

9) സ്റ്റോക്ക് രജിസ്റ്ററായി കണക്കാക്കുന്ന മേൽ നോട്ട് ബുക്കിലുള്ള എല്ലാ ഉപകരണങ്ങളും നിലവിൽ അംഗനവാടിയിൽ ഉണ്ടോ എന്നതും ഉപയോഗ ശൂന്യമായവ ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്റർ സൂക്ഷിച്ച് ആയതിലേക്ക് മാറ്റുകയോ ചെയ്തിട്ടുണ്ടോ എന്നതും വ്യക്തമല്ല.

10) ഇൻവോയ്സ് പ്രകാരമുള്ള ഉപകരണങ്ങൾ തന്നെയാണ് വിതരണം ചെയ്തത് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബിൽ ഓഫീസ് പകർപ്പിൽ അക്കാര്യമോ സ്റ്റോക്ക് സാക്ഷ്യപത്രമോ രേഖപ്പെടുത്തിയിട്ടില്ല.

ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ, ബിൽ, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് KFC Form നം.18 രീതിയിൽ സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും വാറണ്ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാക്കുമ്പോൾ മേൽ കാര്യങ്ങൾ ഉറപ്പ് വരുത്തി സ്റ്റോക്കിലെടുത്ത ശേഷമേ ആയവയുടെ തുക അനുവദിക്കാവൂ എന്നതുൾപ്പടെയുള്ള കാര്യങ്ങൾ KFC Rule 140 മുതൽ 154 വരെ വ്യക്തമാക്കിയിട്ടുള്ളതാണ്. കേടാവുന്ന ഉപകരണങ്ങൾ കാരണം രേഖപ്പെടുത്തി കൺട്രോളിംഗ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോട് കൂടി ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റേണ്ടതും ഇവ സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കയ്യൊഴിയേണ്ടതുമാണ്. ഇക്കാര്യങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥ ചെയ്തതായി കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 22/2023-24 തീയതി 22.10.2024ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതും ശരിയായ രീതിയിൽ സ്റ്റോക്കെടുത്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 98000/- ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26 അംഗനവാടികൾക്ക് പാചക പാത്രം, ഗ്യാസ് അടുപ്പ്- വിതരണം, സ്റ്റോക്കെടുപ്പ്, മറ്റ് അപാകതകൾ

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി : 30/24, അംഗനവാടികൾക്ക് പാചക പാത്രങ്ങൾ, ഗ്യാസ് അടുപ്പ് വാങ്ങൽ

അടങ്കൽ : 60000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ് )

ചെലവ് : 59984/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ബിൽ നം. : 23150752026600858759/28.11.2023

ഗ്രാമപഞ്ചായത്തിലെ 23 അംഗനവാടികളിലേക്ക് ടെണ്ടർ മുഖേനയുള്ള അടുക്കള ഉപകരണങ്ങളുടെ വാങ്ങലിൽ, കുറഞ്ഞ വില രേഖപ്പെടുത്തിയ AT ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 12.10.23ലെ 1(7) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ച്, ചുവടെ ചേർത്ത ഉപകരണങ്ങൾ ലഭ്യമാക്കിയതിന് AT ട്രേഡേഴ്സ് നിലമ്പൂർ എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നം. 120/17.11.23-ന്റെ അടിസ്ഥാനത്തിലാണ് ചെലവ് തുക അനുവദിച്ചത്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | ഉപകരണം | എണ്ണം | ഒരെണ്ണം വില | ആകെ വില |
|---|---|---|---|---|
| 1 | Rhino Stove Butterfly | 23 | 2258 | 51934 |
| 2 | Aluminium Idly Chembu | 23 | 350 | 8050 |
| ആകെ | | | | 59984 |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടെണ്ടർ നടപടികളിലൂടെയാണ് വാങ്ങിയത്. എന്നാൽ ടെണ്ടർ നോട്ടീസ് ഫയലിൽ ഹാജരാക്കിയിട്ടില്ല.

2) പ്രൊക്യുർമെന്റ് പ്ലാൻ പ്രകാരം ആവശ്യകത നിർണ്ണയിക്കുന്നതിലേക്കായി വിവിധ അങ്കണവാടികളിൽ നിന്നും ആവശ്യകത ഉറപ്പാക്കിയ ശേഷമല്ല പദ്ധതി/വാങ്ങൽ നടപടികൾ ആരംഭിച്ചത്.

3) പ്രൊക്യുർമെന്റ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

4) മേൽ ഉപകരണങ്ങൾ ഏതൊക്കെ അംഗനവാടികൾക്ക് എത്ര എണ്ണം വീതം വിതരണം ചെയ്തു എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

5) അംഗനവാടികളുടെ കൈപ്പറ്റുകൾ ലഭ്യമാക്കിയിട്ടില്ല.

6) വിതരണം സംബന്ധിച്ച വ്യക്തത വരുത്തുന്നതിനായി രണ്ട് അംഗനവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ആയത് പരിശോധിച്ചതിൽ 13.05.2024 തിയതിയിൽ ഡെസ്ക്, ബെഞ്ച് എന്നിവ ഒരെണ്ണം വീതം മലപ്പുറത്ത് നിന്നും ലഭ്യമായതായി (യഥാർത്ഥത്തിൽ ഇവ

ഗ്രാമപഞ്ചായത്ത് 2023-24ലെ പദ്ധതി പ്രകാരം ലഭ്യമായവയാണ്), മുൻ വർഷങ്ങളിൽ കൈപ്പറ്റിയ ഉപകരണങ്ങൾ രേഖപ്പെടുത്തിയ ആസ്തി/സ്റ്റോക്ക് രജിസ്റ്ററായി കണക്കാക്കിയ ഒരു നോട്ട്ബുക്കിൽ രേഖപ്പെടുത്തിയത് കണ്ടു.

എന്നാൽ മേൽ ഗ്യാസ് സ്റ്റൗ, ഇഡലി ചെമ്പ് എന്നിവ മേൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്കെടുപ്പ് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പ് വരുത്തിയിട്ടില്ല.

7) മേൽ ഉപകരണങ്ങൾ ഏത് തിയ്യതിയിലാണ് അംഗനവാടികൾക്ക് വിതരണം ചെയ്തത് എന്നത് വ്യക്തമല്ല.കേരള ഫിനാൻഷ്യൽ കോഡ് റൂൾ 140 മുതൽ 154 വരെയുള്ള വ്യവസ്ഥകൾ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ലഭ്യമായി ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്. എന്നാൽ മേൽ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കാതെ തുക അനുവദിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല.

8) സ്റ്റോക്ക് രജിസ്റ്ററായി കണക്കാക്കുന്ന മേൽ നോട്ട് ബുക്കിലുള്ള എല്ലാ ഉപകരണങ്ങളും നിലവിൽ അംഗനവാടിയിൽ ഉണ്ടോ എന്നതും ഉപയോഗ ശൂന്യമായവ ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്റർ സൂക്ഷിച്ച് ആയതിലേക്ക് മാറ്റിയിട്ടുണ്ടോ എന്നതും വ്യക്തമല്ല.

9) ഇൻവോയ്സ് പ്രകാരമുള്ള ഉപകരണങ്ങൾ തന്നെയാണ് വിതരണം ചെയ്തത് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബിൽ ഓഫീസ് പകർപ്പിൽ അക്കാര്യമോ സ്റ്റോക്ക് സാക്ഷ്യപത്രമോ രേഖപ്പെടുത്തിയിട്ടില്ല.

10) ഉപകരണങ്ങളുടെ വാറണ്ടി ഉറപ്പാക്കിയിട്ടില്ല. വാറണ്ടി സംബന്ധിച്ച രേഖകൾ/രേഖപ്പെടുത്തലുകൾ ഫയലിലോ മറ്റോ ഇല്ല.

ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ, ബിൽ, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് KFC Form നം.18 രീതിയിൽ സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും വാറണ്ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാക്കുമ്പോൾ മേൽ കാര്യങ്ങൾ ഉറപ്പ് വരുത്തി സ്റ്റോക്കിലെടുത്ത ശേഷമേ ആയവയുടെ തുക അനുവദിക്കാവൂ എന്നതുൾപ്പടെയുള്ള കാര്യങ്ങൾ KFC Rule 140 മുതൽ 154 വരെ വ്യക്തമാക്കിയിട്ടുള്ളതാണ്. കേടാവുന്ന ഉപകരണങ്ങൾ കാരണം രേഖപ്പെടുത്തി കൺട്രോളിംഗ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോട് കൂടി ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റേണ്ടതും ഇവ സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കയ്യൊഴിയേണ്ടതുമാണ്.ഇക്കാര്യങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥ ജാഗ്രത പുലർത്തിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/2023-24 തീയതി 22.10.2024ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതും ശരിയായ രീതിയിൽ സ്റ്റോക്കെടുത്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 59984/- ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-27 ഭിന്ന ശേഷി കലോത്സവം- ക്വട്ടേഷൻ, മറ്റ് അപാകതകൾ

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി : 27/2023-24 ഭിന്നശേഷിക്കാർക്ക് കലാ കായിക മേള.

അടങ്കൽ : 50000/-(വികസന ഫണ്ട്-ജനറൽ)

ചെലവ് : 50000/-(-വികസന ഫണ്ട്-ജനറൽ)

ബിൽ നം. 23150752026601536217/25.03.24, ബിൽ പ്രകാരമുള്ള 50000 രൂപ വയലറ്റ് ദാസ് എന്ന വ്യക്തിയുടെ 40171100413854/KLGB0040171 നമ്പർ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്.

ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക | ഇൻവോയ്സുകൾ/കൈപ്പറ്റ് |
|---|---|---|---|
| 1 | ഭക്ഷണം | 26750 | 120/15.02.24-കുടുംബശ്രീ ജനകീയ ഹോട്ടൽ അകമ്പാടം |
| 2 | സമ്മാനം | 10140 | 1078, മലബാർ ട്രൈഡേഴ്സ് നിലമ്പൂർ, 26 എണ്ണം @ 390/one |
| 3 | ലൈറ്റ്&സൗണ്ട് | 5000 | 898/13.02.24, കൃപ ലൈറ്റ്&സൗണ്ട് |
| 4 | ഓഡിറ്റോറിയം വാടക | 2500 | ഹയാത്തുൽ ഇസ്ലാം മദ്രസ ഹാൾ |
| 5 | ബാനർ | 1650 | മീഡിയ സ്പോട്ട് നിലമ്പൂർ |

| | | | |
|---|---|---|---|
| 6 | സ്റ്റേജ് ഡക്കറേഷൻ | 3960 | അബ്ദുൽ അസീസ് |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പട്ടികയിലെ ക്രമ നം. 1, 2 പ്രകാരമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

2) കലോത്സവത്തിൽ എത്രപേർ പങ്കെടുത്തു, എന്നാണ് നടത്തിയത്, എത്ര പേർക്ക് ഭക്ഷണം, സമ്മാനങ്ങൾ വിതരണം ചെയ്തു തുടങ്ങിയ വിവരങ്ങളോ കലോത്സവം നടത്തിയതിന്റെ റിപ്പോർട്ടോ ഫയലിൽ ഇല്ല.

3) ബിൽ പ്രകാരമുള്ള 50000 രൂപ വയലറ്റ് ദാസ് എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് എന്തിനാണെന്ന് വ്യക്തമല്ല. ടിയാൾ ആരാണെന്നോ ടി വ്യക്തിയെ കലോത്സവം നടത്തിപ്പിനായി ഭരണസമിതിയോ മറ്റോ ചുമതലപ്പെടുത്തിയതായോ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4) മേൽ പട്ടികയിലെ എല്ലാ ചെലവുകളും 1000 രൂപക്ക് മുകളിലുള്ളതായിരുന്നിട്ടും ആയവ അതത് വ്യക്തികളുടെ/സ്ഥാപനങ്ങളുടെ (അന്തിമ ഗുണഭോക്താക്കളുടെ) ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകാതെ വയലറ്റ് ദാസ് എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് നല്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.25/2023-24/22.10.2024ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-28 അംഗനവാടി കലോത്സവം- ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി : 26/2023-24 അംഗനവാടി കലേത്സവം

അടങ്കൽ : 15000/- (വികസന ഫണ്ട്-ജനറൽ)

ചെലവ് : 15000/-(വികസന ഫണ്ട്-ജനറൽ)

ചെലവ് പത്രിക പ്രകാരം മേൽ പദ്ധതിക്കായി 15000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 24/2023-24/22.10.2024) ആയത് വരെ ചെലവ് തുക 15,000 രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 1-29 വൈദ്യുതിയില്ലാത്ത MCFലേക്ക് വെയിംഗ് മെഷീൻ വാങ്ങി ഉപയോഗിക്കാതെ കിടക്കുന്നു.

നിർവ്വഹണം : വി.ഇ.ഒ

പദ്ധതി : 290/24, MCFലേക്ക് വെയിംഗ് മെഷീൻ വാങ്ങൽ

അടങ്കൽ : 20000/-(CFC)

ചെലവ് : 13924/-

വൗച്ചർ നം. : 22301332/30.03.2024

പദ്ധതിയുടെ ഭാഗമായി RAIDCO നിലമ്പൂർ-ന്റെ ഇൻവോയ്സ് നം. NLR/686/2023-34/21.03.2024 പ്രകാരം 500kg ഇലക്ട്രോണിക് വെയിംഗ് ബാലൻസ് 600mm വാങ്ങിട്ടുണ്ട്. ഇത് സൂക്ഷിച്ചിരിക്കുന്നതും ഇത് സംബന്ധിച്ച ഫയലും പരിശോധിച്ചതിൽ ടി വെയിംഗ് മെഷീൻ നിലവിൽ ഹരിതകർമ്മസേനക്ക് നൽകാതെ VEO ഓഫീസിൽ സൂക്ഷിച്ചതായി കണ്ടു. അപാകതകൾ ചുവടെ ചേർക്കുന്നു.

1) നിലവിൽ വൈദ്യുതി, വെള്ളം, ടോയ്‌ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്ത ടാർ പായ ഷീറ്റ് കൊണ്ടുള്ള ഷെഡിലാണ് MCF പ്രവർത്തിക്കുന്നത്. ആയതിലേക്ക് മുൻവർഷ പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമായ ഒരു വെയിംഗ് മെഷീൻ തന്നെ ചാർജ്ജ് ചെയ്യാനാവാതെ MCF വാഹന ഡ്രൈവറുടെ വീട്ടിൽ സൂക്ഷിച്ചതായാണ് നേരിൽ പരിശോധിച്ചതിൽ കണ്ടത്. ഉള്ള വെയിംഗ് മെഷീൻ തന്നെ ശരിയായ വിധം ഉപയോഗിക്കാൻ സൗകര്യമില്ലാത്തതിനാൽ അന്യാധീനപ്പെട്ടു പോകുന്ന സാഹചര്യത്തിൽ ഹരിതകർമ്മ സേനയുടെ ആവശ്യകത കത്തോ മറ്റോ ഇല്ലാതെയും HKSന്റെ ആവശ്യകത പരിശോധിക്കാതെയും പ്രക്യർമെന്റ് പ്ലാൻ തയ്യാറാക്കാതെയും മേൽ ഉപകരണം വാങ്ങി വാറണ്ടി പിരേഡ് കഴിയാറായിട്ടും VEO ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്.

2) മേൽ വെയിംഗ് മെഷീൻ VEO ഓഫീസിലോ, ഹരിത കർമ്മസേനക്ക് കൈമാറി അവരുടെ ഓഫീസിലെ സ്റ്റോക്കിലോ എടുത്തിട്ടില്ല. സ്റ്റോക്കെടുക്കാതെ പണം അടവാക്കുന്നത് KFC ചട്ടങ്ങൾക്ക് വിരുദ്ധമാണ്. കേരള ഫിനാൻഷ്യൽ കോഡ് റൂൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ലഭ്യമായി ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്. എന്നാൽ മേൽ

ഉപകരണം സ്റ്റോക്കിലെടുക്കാതെ തുക അനുവദിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

3) ഇൻവോയ്സ് പ്രകാരമുള്ള ഉപകരണം തന്നെയാണ് വിതരണം ചെയ്തത് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥയോ മറ്റോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബിൽ ഓഫീസ് പകർപ്പിൽ അക്കാര്യമോ സ്റ്റോക്ക് സാക്ഷ്യപത്രമോ രേഖപ്പെടുത്തിയിട്ടില്ല.

4) ഉപകരണത്തിന്റെ വാറണ്ടി ഉറപ്പാക്കിയിട്ടില്ല. വാറണ്ടി സംബന്ധിച്ച രേഖകൾ/രേഖപ്പെടുത്തലുകൾ ഫയലിലോ മറ്റോ ഇല്ല.

ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ, ബിൽ, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് KFC Form നം.18 രീതിയിൽ സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും വാറണ്ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാക്കുമ്പോൾ മേൽ കാര്യങ്ങൾ ഉറപ്പ് വരുത്തി സ്റ്റോക്കിലെടുത്ത ശേഷമേ ആയവയുടെ തുക അനുവദിക്കാവൂ എന്നതുൾപ്പടെയുള്ള കാര്യങ്ങൾ KFC Rule 140 മുതൽ 154 വരെ വ്യക്തമാക്കിയിട്ടുള്ളതാണ്. കേടാവുന്ന ഉപകരണങ്ങൾ കാരണം രേഖപ്പെടുത്തി കൺട്രോളിംഗ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോട് കൂടി ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റേണ്ടതും ഇവ സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കയ്യൊഴിയേണ്ടതുമാണ്. ഇക്കാര്യങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥ ചെയ്തതിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 32/2023-24 തീയതി 22.10.2024ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ശരിയായ രീതിയിൽ സ്റ്റോക്കെടുത്ത് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 13924/- ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-30 വേസ്റ്റ് കളക്ഷൻ-അധിക വാഹന വാടക നൽകി, ട്രിപ്പ് ഷീറ്റ് സമർപ്പിക്കുന്നില്ല.

നിർവ്വഹണം : വി.ഇ.ഒ

പദ്ധതി : 92/24, ഹരിത കേരളം- ക്ലീൻ ചാലിയാർ പദ്ധതി

അടങ്കൽ : 1611000/- (CFC)

ചെലവ് : 1466311/-

വൗച്ചർ നം. : 22301342/31.03.2024

പദ്ധതിയുടെ ഭാഗമായി ഹരിത കർമ്മസേന അംഗങ്ങൾ വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ MCFലേക്ക് എത്തിക്കുന്നതിന് വാടകക്കെടുത്ത KL 10 S 534 നമ്പർ ഗുഡ്സ് വാഹനത്തിന് കരാർ പ്രകാരം ഒരു ദിവസത്തേക്ക് 1700/- രൂപയാണ് നൽകാവുന്നത്. വാഹന വാടക സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) മേൽ വാഹനം ഒരു മാസത്തിൽ ശരാശരി 19-20 ദിവസമാണ് ഓടുന്നത്. എന്നാൽ ടി വാഹനത്തിന് വാടക അനുവദിക്കുമ്പോൾ ആയതിന്റെ ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കിയിട്ടില്ല.

2) ഫെബ്രുവരി 2024 മാസത്തിൽ ആകെ 19 ദിവസമാണ് വാഹനം വേസ്റ്റ് കളക്ഷന് വേണ്ടി ഓടിയിട്ടുള്ളത്. ആയത് പ്രകാരം 19x1700=32300 രൂപയാണ് അനുവദിക്കാവുന്നത്. എന്നാൽ ടി മാസത്തിൽ ആകെ 34300/- രൂപ അനുവദിച്ചതായി കാണുന്നുണ്ട്. 2000 രൂപ അധികം അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല.

ഓഡിറ്റ് എൻക്വയറി നമ്പർ -31/2023-24 തീയതി 22.10.2024ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അധികം നൽകിയ 2000രൂപ തിരികെ അടവാക്കി അറിയിക്കേണ്ടതുമാണ്.

## 1-31 പഞ്ചായത്ത് മീറ്റിംഗ് ഹാൾ നവീകരണം - വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ SIDCO യിൽ നിന്ന് നേരിട്ട് വാങ്ങലുകൾ നടത്തി.

| | |
|---|---|
| പ്രൊജക്ട് നമ്പർ. | 172/24 |
| പ്രൊജക്ടിന്റെ പേര് | പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗ് ഹാൾ നവീകരണം- തുടർ പ്രവൃത്തി |
| അടങ്കൽ തുക | 1150000/- രൂപ (സി എഫ്.സി) |
| ചെലവ് തുക | 1150000/- രൂപ |
| വൗച്ചർ നമ്പർ. | XVFC/2023-24/P/22, 1.2.2024, 482518 /-<br>XVFC/2023-24/P/23, 1.2.2024, 171096 /-<br>XVFC/2023-24/P/28, 15.2.2024, 358450 /-<br>XVFC/2023-24/P/32, 22.2.2024, 99120 /-<br>(നികുതികൾ കുറച്ച് സിഡ്കോ-യ്ക്ക് നൽകിയ തുകകളാണ് |

| | |
|---|---|
| | ചേർത്തിട്ടുള്ളത്) |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ബഹു വർഷ പ്രോജക്ടായി ഉൾപ്പെടുത്തിയ മേൽ പ്രോജക്ട് അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോ- മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. ഭരണ സമിതിയുടെ 22.2.2023 ലെ 1(9) നമ്പർ തീരുമാന പ്രകാരം സിഡ്കോ-യുടെ 17.2.2023 ലെ പ്രഫോർമാ ഇൻവോയ്സ് പ്രകാരമുള്ള തുക അംഗീകരിക്കുകയും സിഡ്കോ-യ്ക്ക് 8.3.2023 ന് Letter Of Acceptance നൽകുകയും ചെയ്തിട്ടുണ്ട്. 3.7.2023 ന് AE/ LID&EW/LSGD/CHLYR/ 080/22-23 പ്രകാരം സിഡ്കോ- യുമായി എഗ്രിമെന്റ് വെയ്ക്കുകയും പ്രവൃത്തി നിർവ്വഹണം നടത്തുകയും ചെയ്തിട്ടുണ്ട്. ഓഫീസ് നവീകരണത്തിന്റെ ഭാഗമായി സ്റ്റേജ്, സീലിംഗ് വർക്ക്, കർട്ടൺ വർക്ക്, വാൾ പെയിന്റിംഗ്, വാൾ ഫാൻ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ, എ.സി സ്ഥാപിക്കൽ, സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തികളും കൂടാതെ മീറ്റിംഗ് ഹാളിലേക്കുള്ള ഫർണീച്ചറുകളും മേൽ പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുണ്ട്. സിഡ്കോ-യുടെ ഇൻവോയ്സുകൾ പ്രകാരം ചുവടെ ചേർത്തിട്ടുള്ള വിധം 1150000 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 1 | MJRI/23-24/74,28.10.23 | 473450 |
| 2 | MJRI/23-24/78,28.10.23 | 177100 |
| 3 | MJRI/23-24/76,28.10.23 | 499450 |
| | ആകെ | 1150000 |

സ്റ്റോർ പർച്ചേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ജി.ഒ (ആർ.ടി) 26/2015/SPD തീയതി 28.05.2015, സ.ഉ (സാധാ) 97/2022/SPD തീയതി 23.12.2022എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന SIDCO ഉല്പാദിപ്പിക്കുന്ന സാധനങ്ങളും അതിന് നൽകാവുന്ന വില വിവരവും വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിലെ അനുബന്ധമായി ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭരണം നടത്താൻ പാടുള്ളൂ എന്ന് ഉത്തരവിന്റെ ഖണ്ഡിക 3 ൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ ചെലവ് വിവരം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

ഫർണീഷിംഗ് പ്രവൃത്തിയുടെ ഭാഗമായി കർട്ടൺ വർക്ക് (63219 രൂപ), വാൾ ഫാൻ (14500 രൂപ), ഇലക്ട്രിഫിക്കേഷൻ (88500 രൂപ), Installation Of Sound System (9500 രൂപ) മൈക്ക് (82400 രൂപ), ആമ്പ്ലിഫയർ(26000 രൂപ) , സ്പീക്കർ-(5800 രൂപ), 1.5 ടൺ ഇൻവെർട്ടർ എ.സി. സ്ഥാപിക്കൽ (49666 രൂപ) എന്നിവ സിഡ്കോ മുഖേന നടത്തിയിട്ടുണ്ട്.

എന്നാൽ മേൽ സർക്കാർ ഉത്തരവ് പ്രകാരം സിഡ്കോ- ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ മാത്രമാണ് സിഡ്കോ- യിൽ നിന്നും വാങ്ങാൻ അനുമതിയുള്ളത്. കൂടാതെ ഫർണീഷിംഗ് പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഇലക്ടിഫിക്കേഷൻ നടത്തുന്നതിനും വൈദ്യുത ഉപകരണങ്ങളും എ.സി.യും സ്ഥാപിക്കുന്നതിനും അനുമതിയില്ലാത്തതാണ്.

ഇക്കാര്യത്തിൽ അനുമതി ഉത്തരവുണ്ടെങ്കിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനുള്ള മറുപടിയിൽ ഫർണീഷിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് അനുമതിയുള്ളതിനാലാണ് സിഡ്കോ-യെ പ്രവൃത്തി ഏൽപിച്ചതെന്ന് അറിയിച്ചു. എന്നാൽ ഫർണീഷിംഗ് പ്രവൃത്തികളുടെ ഭാഗമായി വാൾ ഫാൻ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ, എ.സി സ്ഥാപിക്കൽ, സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തികൾ നടത്തിയത് അംഗീകരിക്കുന്നില്ല.

വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ സാധനങ്ങളും സേവനങ്ങളും സമാഹരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 വാഹന വാടക നൽകൽ- ആദായ നികുതി കുറവ് ചെയ്തില്ല വാഹന വാടക നൽകൽ- ആദായ നികുതി കുറവ് ചെയ്തില്ല

നിർവ്വഹണം : അസി.എഞ്ചിനീയർ,

പ്രോജക്ട് : അസി.എഞ്ചിനീയർക്ക് വാഹനം വാടകക്കെടുക്കൽ

പ്രോജക്ട് നമ്പർ : 222/24 (സ്പിൽഓവർ), 71/24

അടങ്കൽ : 96400

ചെലവ് : 93700

ഫണ്ട് : തനത് ഫണ്ട്

പ്രോജക്ട് : 71/24

അടങ്കൽ : 43200

ചെലവ് : 358060

ഫണ്ട് : തനത്

മേൽ പ്രോജക്ടുകൾ പ്രകാരം അസി.എഞ്ചിനീയർക്ക് വാഹനം വാടകക്കെടുത്തതിന്റെ (KL-10 AM-3663 TAVERA ) വാഹന വാടകയായി ശ്രീ.ശിവദാസൻ.പി. എന്നയാൾക്ക് പ്രതിമാസം 30800 രൂപ നിരക്കിൽ മൊത്തം 451760 രൂപ ( 93700+ 358060) നൽകിയിട്ടുണ്ട്. (എഗ്രിമെന്റ് നമ്പർ. 61/21-3-23)

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

1. വാഹന വാടകയിൻമേൽ ആദായ നികുതി കുറവ്ചെയ്തിട്ടില്ല.

Income Tax Act 1961, Sec. 194C പ്രകാരം , വാടകയിനത്തിൽ അനുവദിക്കുന്ന തുക (Single Payment) 30,000 രൂപക്ക് മുകളിൽ വരുന്നുവെങ്കിലും ,ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000 രൂപക്ക് മുകളിൽ വരുന്നുവെങ്കിലും 194C പ്രകാരമുള്ള നികുതി അടക്കാൻ ടിയാൻ ബാധ്യസ്ഥനാണ് (Transportation Contract). അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമായിരുന്നു. എന്നാൽ ഇപ്രകാരം ആദായ നികുതി കുറവ് ചെയ്യാതെ മുഴുവൻ തുകയും നൽകുകയാണ് ചെയ്തത്.

തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ചെക്ക് നം. | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 222/24 | 45048/23.5.23 | 61600 (3/23, 4/23) | |
| 222/24 | 45049/30.6.23 | 30800 (5/23) | |
| 71/24 | 45050/6.7.23 | 26360 | ഗ്രാമ പഞ്ചയത്ത് വാഹനം 2 മാസം കേടായതിനാൽ അധിക കി.മീ. ഓടിയതിന് നൽകിയത് |
| | 45055/22.8.23 | 30800 (6/23) | |
| | 45060/22.8.23 | 30800 (7/23) | |
| | 48561/5.9.23 | 30800 (8/23) | |
| | 48565/7.10.23 | 30800 (9/23) | |
| | 48566/18.10.23 | 9760 | അധിക കി.മീ ഓടിയതിന് നൽകിയത് |
| | 48568/7.11.23 | 30800 (10/23) | |
| | 48569/1.12.23 | 30800 (11/23) | |
| | 50114/4.1.2024 | 30800 (12/23) | |
| | 50116/19.1.2024 | 7940 | അധിക കി.മീ ഓടിയതിന് നൽകിയത് |
| | 50117/1.2.2024 | 30800 (1/24) | |
| | 50120/2.3.2024 | 30800 (2/24) | |

2. സുലേഖ ചെലവ് പത്രിക പ്രകാരം 222/24 നമ്പർ പ്രോജക്ട് പ്രകാരമുള്ള ചെലവ് 93700 രൂപ യാണ്. എന്നാൽ 92400 രൂപ യാണ് 3 മാസത്തെ (3/23,4/23,5/23) വാടകയിനത്തിൽ ചെലവുള്ളത്. ബാക്കി 1300 രൂപയുടെ ചെലവ് വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ 71/24 നമ്പർ പ്രോജക്ട് പ്രകാരമുള്ള ചെലവ് 358060 രൂപയാണ്. എന്നാൽ വാടകയിനത്തിൽ ചെലവുള്ളത് 352060 രൂപയാണ്. 6000 രൂപയുടെ വ്യത്യാസം ചെലവ് പത്രികയുമായി ഉണ്ട്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അറിവില്ലായ്മ മൂലമാണ് ഐ.ടി. കുറവ് ചെയ്യാൻ വിട്ട് പോയതെന്നും 7300 രൂപയുടെ ചെലവ് വ്യത്യാസം പരിശോധിച്ച് അറിയിക്കുന്നതാണെന്നും മറുപടി നൽകി.

ആദായ നികുതിയിനത്തിൽ വസൂലാക്കേണ്ട തുക ഈടാക്കി അടവാക്കേണ്ടതും 7300 രൂപയുടെ ചെലവ് വിശദാംശങ്ങൾ ഹാജരാക്കേണ്ടതുമാണ്.

## 1-33 ആർ ട്രാക്ക് ആപ്ളിക്കേഷൻ വഴി റോഡ് കണക്ടിവിറ്റി മാപ്പിംഗ്- പൂർത്തീകരണ വിവരം ലഭ്യമല്ല.

പ്രോജക്ട് - ആർ ട്രാക്ക് ആപ്ളിക്കേഷൻ വഴി റോഡ് കണക്ടിവിറ്റി മാപ്പിംഗ്

പ്രോജക്ട് നമ്പർ- 204/24

അടങ്കൽ- 35000

ഫണ്ടിനം- തനത്

ഗ്രാമ പഞ്ചായത്തിലെ ആസ്തി റജിസ്റ്റർ കാലികമാക്കുന്നതിന്റെ ഭാഗമായി R Track App ലൂടെ റോഡുകളുടെ വിവര ശേഖരണം നടത്തി ആസ്തി റജിസ്റ്റർ കാലികമാക്കുന്നതിന് വാർഡ് ഒന്നിന് 3000 രൂപ നിരക്കിൽ പ്രോജക്ട് തയ്യാറാക്കുന്നതിനും പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നതിനും തദ്ദേശ ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ചേമ്പറിൽ നടന്ന 20.10.2022 ലെ യോഗം തീരുമാനിച്ചിരിന്നു. മേൽ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ 31.10.2022 ലെ PAN/3173/2021-J1(DP) നമ്പർ സർക്കുലർ പ്രകാരം പ്രോജക്ട് നിർവ്വഹണത്തിന് ത.സ്വ.ഭരണസ്ഥാപനത്തിലുള്ള ആളുകളെ കണ്ടെത്തി ട്രൈനിംഗ് നൽകുന്നതിനും നവംബർ-1 നകം ഫീൽഡിൽ പ്രവൃത്തി തുടങ്ങാനും നിർദ്ദേശം നൽകിയിരുന്നു. Kerala State Remote Sensing And Environment Centre (KSRSEC) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോമിന്റെയും R Track App ന്റയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

ഗ്രാമ പഞ്ചായത്തിന്റെ തീരുമാന പ്രകാരം ശ്രീ. ഡാനി .ടി. ഗ്രേസ് എന്നയാളെ മേൽ പ്രകാരം ഡാറ്റാ കളക്ഷൻ നടത്തുന്നതിന് നിയമിക്കുകയും 9800 രൂപ ഓഡിറ്റ് വർഷം നൽകുകയും ചെയ്തിട്ടുണ്ട്. (വൗച്ചർ നം. 22300220/13.6.2023, 3000 രൂപ, 22300333/21.7.2023 ,6800 രൂപ)

എന്നാൽ മുഴുവൻ വാർഡിന്റയും വിവര ശേഖരണം നടത്തി പ്രവൃത്തി പൂർത്തീകരിച്ചതായി ഫയലിൽ വിവരമില്ല.

മേൽ പ്രോജക്ട് നിർവ്വഹണത്തിന്റെ നിലവിലെ സ്ഥിതി വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 13/ 21.10.2024 നുള്ള മറുപടിയിൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാണെന്നും ഭരണ സമിതിയുടെ അംഗീകാരം ലഭ്യമാക്കിയതിന് ശേഷം ആപ്പ് പ്രയോജനപ്പെടുത്താനാവുമെന്നും അറിയിച്ചു.

R Track App ൽ ലഭ്യമായ വിവരങ്ങളെ അടിസ്ഥാനമാക്കി ഭരണ സമിതിയുടെ അംഗീകാരത്തോടെ ആസ്തി റജിസ്റ്റർ കാലികമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-34 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല

സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022, ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ തലങ്ങളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, പ്രോജക്ടുകളുടെ അടങ്കൽ തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുക, പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, അനുയോജ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുക, വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനോടനുബന്ധിച്ച് ഒന്നോ രണ്ടോ യോഗങ്ങൾ ചേരുകയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതായ പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുക മാത്രമാണ് യോഗങ്ങളിൽ നടന്നിട്ടുള്ളത് എന്ന് കാണുന്നു.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ ഖണ്ഡിക-14 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് മോണിറ്ററിംഗ് കമ്മിറ്റികൾ നിർവ്വഹണ ഘട്ടത്തിൽ നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേൻമയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിറ്ററിംഗ് കമ്മിറ്റിക്ക് അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണോദ്യോഗസ്ഥന് നൽകാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ

വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ നിയമപരമായ കടമകൾ നിർവ്വഹിക്കേണ്ടതും അതു വഴി കാര്യക്ഷമമായ മോണിറ്ററിംഗ് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-35 സ്പിൽഓവർ പ്രോജക്ടുകൾ പൂർത്തീകരിക്കാൻ സാധിച്ചില്ല

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിരുന്ന 66 പ്രോജക്ടുകൾ പ്രസ്തുത വർഷത്തിൽ പൂർത്തീകരിക്കാനാവാതെ 2023-24 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ടി പ്രവൃത്തികളിൽ 27 പ്രവൃത്തികൾ 2023-24 വർഷത്തിലും പൂർത്തിയാക്കുകയോ ബിൽ തുക നൽകുകയോ ചെയ്തിട്ടില്ല. അംഗീകാരം ലഭിച്ച് നിർവ്വഹണ നടപടികൾ ആരംഭിച്ച് ഏറ്റെടുത്ത വർഷത്തിനുള്ളിൽ ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം നടത്താൻ കഴിയാത്തതിനാലാണ് അവ പൂർത്തീകരിക്കുന്നതിന് അടുത്ത വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജക്ടുകളായി പരിഗണിക്കുന്നത്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കുന്ന പ്രസ്തുത പ്രവൃത്തികൾ അവ സ്പിൽ ഓവർ ആയ വർഷവും പൂർത്തീകരിച്ചിട്ടില്ല. ഇക്കാരണത്താൽ പ്രസ്തുത പ്രോജക്ടുകൾ വീണ്ടും സ്പിൽ ഓവർ ആവുകയും സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം കൂടാൻ കാരണമാകുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല വകയിരുത്തിയ ഫണ്ട് ലാപ്സാകുന്നതിനും പ്രോജക്ട് തയ്യാറാക്കിയതിലൂടെ ആ പ്രദേശത്തെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പാലിക്കപ്പെടാതെ വരികയും ചെയ്തിട്ടുണ്ട്.

മേൽ 27 സ്പിൽഓവർ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം, പ്രവൃത്തികൾ പൂർത്തീകരിച്ചതാണോ, പാതി വഴിയിൽ ഉപേക്ഷിച്ചതാണോ, നടപ്പാക്കേണ്ടതില്ലെന്ന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ടോ, പൂർത്തീകരിച്ചതാണെങ്കിൽ ബിൽ തുക നൽകാത്തതിന് കാരണം എന്നീ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രവൃത്തികൾ ഭൂരിഭാഗവും പൂർത്തീകരിച്ച് ബിൽ തുക 2024-25 വർഷത്തിൽ നൽകിയിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചു.

മേലിൽ സ്പിൽ ഓവർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും മേൽ 27 വർക്കുകളുടേയും പൂർത്തീകരണ വിവരം രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## 1-36 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് – വിവരം ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് വിവരങ്ങൾ പരിശോധിച്ചതിൽ കൺസ്യൂമർ നമ്പർ 1167965005403 ന് (മൈലാടി പാലം) ചുവടെ ചേർത്ത പ്രകാരം വൈദ്യുതി ചാർജ് അടവാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നമ്പർ | തുക |
|---|---|---|
| 1 | 22300116/11.05.2023 | 10298/- |
| 2 | 22300189/13.06.2023 | 10433/- |
| 3 | 22300311/04.07.2023 | 10429/- |
| 4 | 22300409/09.08.2023 | 10447/- |
| 5 | 22300516/12.09.2023 | 10443/- |
| 6 | 22300636/11.10.2023 | 10444/- |
| 7 | 22300715/08.11.2023 | 10443/- |
| 8 | 22300806/07.12.2023 | 10995/- |
| 9 | 22300946/08.01.2024 | 10995/- |
| 10 | 22301051/07.02.2024 | 10995/- |
| 11 | 22301194/11.03.2024 | 10995/- |

പ്രസ്തുത കൺസ്യൂമർ നമ്പറിൽ ഉൾപ്പെട്ട തെരുവ് വിളക്കുകളുടെ വിവരം (ഇനം, എണ്ണം), പ്രസ്തുത തെരുവ് വിളക്കുകൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 27/22.10.2024 ന് മറുപടി ലഭ്യമാക്കിയില്ല. കൺസ്യൂമർ നമ്പർ 1167965005403 മൈലാടി പാലം എന്ന് രേഖപ്പെടുത്തിയതായി കാണുന്നു. പ്രസ്തുത തെരുവ് വിളക്കുകൾ ഗ്രാമ പഞ്ചായത്ത് പരിധിയിലാണ് സ്ഥാപിച്ചിട്ടുള്ളത് എന്നതിന്റയും ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-37 തുടർ നടപടി വിവരം ലഭ്യമാക്കിയില്ല

തീക്കടി ടവർക്കുന്ന് കുടിവെള്ള പദ്ധതിക്കായി ഭൂജല സർവ്വേ നടത്തുന്നതിന് District Officer, Ground Water Department , Malappuram ന് 2035/- രൂപ (വൗച്ചർ നമ്പർ 22300182/06.06.2023) നൽകിയിട്ടുണ്ട്. എന്നാൽ ഇത്

സംബന്ധിച്ച സർവ്വേ റിപ്പോർട്ട്, കുടിവെള്ള പദ്ധതി പൂർത്തീകരിച്ച വിവരം എന്നിവ ഫയലിൽ ലഭ്യമല്ല. തുടർ നടപടി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 19/22.10.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് Ground Water Department ൽ നിന്നുള്ള ഫീസിബിലിറ്റി റിപ്പോർട്ട് ഹാജരാക്കുകയും മേൽ പ്രവൃത്തിക്ക് ടെണ്ടർ ചെയ്തിട്ടുണ്ടെന്നും പ്രവൃത്തി ഉടൻ തന്നെ തുടങ്ങുന്നതാണെന്നും മറുപടി ലഭ്യമാക്കി. പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-38 ഫെസ്റ്റിവൽ അഡ്വാൻസ് - ഈടാക്കാൻ അവശേഷിക്കുന്നു.

22300443/24.08.2023 നമ്പർ വൗച്ചർ പ്രകാരം 76000/- രൂപയും 22300450/24.08.2023 നമ്പർ വൗച്ചർ പ്രകാരം 6000/- രൂപയും ഫെസ്റ്റിവൽ അഡ്വാൻസ് ഫോർ പെർമനന്റ് സ്റ്റാഫ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജോർജ്.ഒ.ജെ എന്നവർക്ക് 20000/- അനുവദിച്ചതിൽ 16000/- രൂപ മാത്രമാണ് ( ലെഡ്ജർ പരിശോധിച്ചതിൽ) തിരിച്ചടച്ചിട്ടുള്ളത്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ, വാർഷിക കണക്ക് എന്നിവയിൽ ബാലൻസ് വിവരം രേഖപ്പെടുത്തിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, വാർഷിക കണക്ക് (B-18 ) എന്നിവയിൽ 2800/- രൂപയാണ് ബുക്ക് ചെയ്തിട്ടുള്ളത്. മുൻ വർഷം പാർട് ടൈം സ്വീപ്പർ അടവാക്കിയ ഫെസ്റ്റിവൽ അഡ്വാൻസ് 2800/- രൂപ Prior Period Income എന്ന ഹെഡിൽ തെറ്റായി ബുക്ക് ചെയ്തതുവഴിയുണ്ടായ ബാലൻസ് മാത്രമാണ് ഈ തുക . എന്നാൽ യഥാർത്ഥ ബാലൻസ് തുക വാർഷികകണക്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല. അപാകത പരാമർശിച്ച് ഓഡിറ്റ് എൻക്വയറി 10/19.10.2024 നൽകിയതിനെ തുടർന്ന് ജോർജ്.ഒ.ജെ എന്നവർ 4000/- രൂപ അടവാക്കാൻ വിട്ടുപോയതാണെന്നും പ്രസ്തുത തുക വാർഷിക കണക്കിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്നും മറുപടി ലഭ്യമാക്കി. കൂടാതെ തിരിച്ചടവാക്കാൻ അവശേഷിച്ച 4000/- രൂപ 1240101533/19.10.2024 നമ്പർ രശീതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ അടവാക്കുകയും ചെയ്തു. മുൻകൂർ നൽകിയ തുക തിരിച്ചടവ് നിരീക്ഷിക്കേണ്ടതും രജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം ഈ ഇനത്തിൽ നഷ്ടം സംഭവിക്കാനിടയുണ്ട്. മുൻകൂർ കൈപ്പറ്റിയതിനുശേഷം മറ്റ് സ്ഥാപനങ്ങളിലേക്ക് സ്ഥലം മാറിപോകുന്നവരിൽ നിന്ന് യഥാസമയം തിരിച്ചീടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അവശേഷിക്കുന്ന തുക സംബന്ധിച്ച വിവരം വാർഷിക കണക്കിൽ ചേർക്കേണ്ടതുമാണ്.

## 1-39 തെരുവ് വിളക്ക് പരിപാലനം - രജിസ്റ്ററുകൾ ഹാജരാക്കിയില്ല

| ക്രമ നം | പദ്ധതി | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|---|
| 1 | ലോ മാസ്റ്റ് ലൈറ്റ് റിപ്പയർ -180/24 | 200000/- CFC | 167609/- | 22300256/22.06.23 |
| 2 | തെരുവ് വിളക്ക് റിപ്പയർ -176/24 | 300000/- CFC | 299545/- | 22301363/31.03.2024 |

2023- 24 വർഷത്തിൽ സെക്രട്ടറി മുകളിൽ പരാമർശിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിയ്ക്കേണ്ടതാണ്. (പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം./പ്രദേശം/വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും ഫോൺനമ്പർ , അറ്റകുറ്റപണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ ). മേൽ വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് സൂക്ഷിക്കേണ്ട പ്രസ്തുത രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
തെരുവ് വിളക്ക് റിപ്പയർ 176/24 പദ്ധതി പ്രകാരം Kerala Electrical & Allied Engineering Company , 18 W LED Street Light 139 എണ്ണം മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സ്ഥാപിച്ച ബൾബുകളുടെ സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് Kerala Electrical & Allied Engineering Company യുമായി ഉടമ്പടി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ എല്ലാ കണക്ഷനുകൾക്കും മീറ്ററിംഗ് സംവിധാനം ഉണ്ടോ എന്ന് വ്യക്തമല്ല. ആയതിന്റ വിവരം ലഭ്യമാക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ കണക്ഷനുകൾ/ വൈദ്യുതി ചാർജ് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 28/22.10.2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് പ്രഥമ മറുപടിയിൽ തന്നെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-40 മുൻകൂർ തുക നൽകിയിട്ടും ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായില്ല

2023-24 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി അകമ്പാടം ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് ചുവടെ പറയും പ്രകാരം മുൻകൂർ തുക നൽകിയിട്ടുണ്ട്.

| പ്രൊജക്റ്റ് നമ്പർ/ പേര് | മുൻകൂർ നൽകിയ തുക (₹) | ഫണ്ടിനം | ബിൽ നമ്പർ / തീയതി | പ്രഫോർമ ഇൻവോയ്സ് നം | ലഭിച്ച മരുന്നുകൾ | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 119/24 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 1,50,000 | മെയിന്റനൻസ് ഫണ്ട് റോഡിതരം | 23150752026500681392, തീയതി: 18-09-2023 | പി.എഫ്- 135/13.07.23 | 0 | 1,50,000 |

മേൽ പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 03/2023-24, തീയതി : 17.10.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1,50,000 രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-41 ഗുണഭോക്തൃ വിഹിതം ഇനത്തിൽ 64810/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു

വാർഷിക കണക്ക് B-4 പ്രകാരം Beneficiary Contribuition ഇനത്തിൽ 64810/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.(വെറ്ററിനറി സർജൻ 2023-24 വർഷത്തിൽ നിർവ്വഹണം നടത്തിയ കറവപ്പശു വിതരണം 30000/- രൂപ മുട്ടക്കോഴി 34000/-രൂപ, അസി സെക്രട്ടറി 2023-24 വർഷത്തിൽ നിർവ്വഹണം നടത്തിയ കട്ടിൽ വിതരണം 810/- രൂപ. ). പദ്ധതി പൂർത്തീകരിച്ചിട്ടും തുക അവശേഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം-അധിക തുക നൽകി

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി : 25/24 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം.

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ തുക 1850000/-രൂപയിൽ(1050000 പ്ലാൻ ഫണ്ട് വിഹിതം+600000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം+200000 ജില്ലാ പഞ്ചായത്ത് വിഹിതം) ചുവടെ ചേർത്ത പ്രകാരം 827000/- രൂപ (67000 പ്ലാൻ ഫണ്ട് വിഹിതം+600000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം+ 160000 ജില്ലാ പഞ്ചായത്ത് വിഹിതം) വിവിധ ഭിന്നശേഷി വിദ്യാർത്ഥികൾക്കായി ചുവടെ ചേർത്ത ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ നം/തിയതി | തുക |
|---|---|---|
| 1 | 23150752026600488197/22.08.23 | 67000 |
| 2 | 23150752026600687174/21.10.23 | 600000 |
| 3 | 23150752026600898000/06.12.23 | 160000 |
| ആകെ | | 827000/- |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ സ്കോളർഷിപ്പ് തുക അധികം അനുവദിച്ചതായും തെറ്റായ അക്കൗണ്ടിലേക്ക് പണം അനുവദിച്ചതായും കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

**1) 34000 രൂപ അധികം നൽകി**

പദ്ധതി ഫയൽ പരിശോധിച്ചതിൽ, 2023-24 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/ത.സ്വ.ഭ.വ തിയതി. 28.05.2022 ഖണ്ഡിക 7.1.6 പട്ടികകൾ പ്രകാരം ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നിശ്ചയിച്ചിട്ടുള്ള തുകകളിൽ നിന്നും അധികരിച്ച്, ചില വിദ്യാർത്ഥികൾക്ക് 2023-24 വർഷത്തിൽ സ്കോളർഷിപ്പ് തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര്, ക്ലാസ്, പഠിക്കുന്ന സ്ഥാപനം | ഭിന്നശേഷി സ്വഭാവം, സർട്ടിഫിക്കറ്റ് | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക, ബിൽ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വിവരം | | | |
| 1 | ഷാദിൻ കെ, പാറെക്കാട്ട്, ഇടിവണ്ണ പി.ഒ. A/c No. 67106581797/SBIN0070194, GHSS എരഞ്ഞിമങ്ങാട് (+1) | മെന്റൽ റിട്ടാർഡേഷൻ 75% മെ.ബോ. സർട്ടിഫിക്കറ്റ് 94/2021 /27.03.2021 | 28500/- | മുകളിലെ പട്ടികയിലെ ക്രമനം. (1),(2),(3) ബില്ലുകളിൽ നിന്നും യഥാക്രമം, 28500, 4000, 12000 എന്നിങ്ങനെ ആകെ 44500/- രൂപ അനുവദിച്ചു. | 16000/- |
| 2 | വിജേഷ് വി.ആർ, A/c No. 67339887433/SBIN0070194, ബഥാനിയ സ്പെഷ്യൽ സ്കൂൾ വടപുറം-വൊക്കേഷനൽ ക്ലാസ് | മെന്റൽ റിട്ടാർഡേഷൻ 40% മെ.ബോ. സർട്ടിഫിക്കറ്റ് 102156/26.07.2010 | 28500/- | മുകളിലെ പട്ടികയിലെ ക്രമനം. (1),(2),(3) ബില്ലുകളിൽ നിന്നും യഥാക്രമം, 28500, 12000, 4000 എന്നിങ്ങനെ ആകെ 44500/- രൂപ അനുവദിച്ചു. | 16000/- |
| 3 | മുംതാസ് ബീഗം A/c No. 40171101012905/KLGB0040171, അനുയാത്ര അസ്സിസ്റ്റഡ് ലിവിംഗ് ഹോം, ചാലിയാർ | മെന്റൽ റിട്ടാർഡേഷൻ 50% മെ.ബോ. സർട്ടിഫിക്കറ്റ് 100998/26.07.2010 **(ഡേ കെയർ സെന്ററിലാണ് പഠിക്കുന്നത്)** | 24000/- | മുകളിലെ പട്ടികയിലെ ക്രമനം. (1),(2),(3) ബില്ലുകളിൽ നിന്നും യഥാക്രമം, 10000, 12000, 4000 എന്നിങ്ങനെ ആകെ 26000/- രൂപ അനുവദിച്ചു. | 2000/- |

**2) തെറ്റായ അക്കൗണ്ടിലേക്ക് തുക അനുവദിച്ചു**

ശ്രീമതി സമീന എന്നവർക്ക് ആദ്യ പട്ടികയിലെ ക്രം നം. 2, 3 ബില്ലുകളിൽ നിന്നായി യഥാക്രമം 12000, 4000 എന്നിങ്ങനെ ആകെ 16000 രൂപ 901070000050/SBIN0070194 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ അപേക്ഷ പ്രകാരമുള്ള രേഖകളിൽ ടിയാരിയുടെ ബാങ്ക് അക്കൗണ്ട് കേരള ഗ്രാമീൺ ബാങ്കിലെ 40171101104455 നമ്പർ അക്കൗണ്ട് ആണ്.

ക്രമ നം.1 ലെ പ്രകാരം 34000 രൂപ അനർഹമായി അധികം അനുവദിച്ചിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ 34000/- രൂപ തിരികെ അടവാക്കി അറിയിക്കേണ്ടതുമാണ് എന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 05/18.10.2024ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ക്രമ നം.1 പ്രകാരം അധികം നൽകിയ 34000/- രൂപയും ക്രമ നം.2 പ്രകാരം തെറ്റായ അക്കൗണ്ടിലേക്ക് നൽകിയ 16000/- രൂപയും ചേർത്ത് ആകെ 50000/- രൂപ തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ട തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കുന്നതിന് സർച്ചാർജ്ജ് നടപടിക്ക് ശുപാർശ ചെയ്യുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2023-24 | 2023-24 വർഷത്തെ ഓഡിറ്റ് കാലയളവിൽ പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 160000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -25/24 | 160000 | 0 |
| | 2300000 | ലൈഫ് ഭവന പദ്ധതി (ജനറൽ)-57/24 | 2300000 | 0 |
| | 1820000 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ)-187/24 | 1820000 | 0 |
| | 525000 | ലൈഫ് മിഷൻ ഭവന പദ്ധതി (പട്ടിക വർഗ്ഗം ) –85/24 | 525000 | 0 |
| ആകെ | 4805000 | | 4805000 | |
| ബ്ലോക്ക് പഞ്ചായത്ത് | 600000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -25/24 | 600000 | 0 |
| | 578000 | സമഗ്ര നെൽകൃഷി വികസനം 45/24 | 578000 | 0 |
| | 1700000 | ലൈഫ് ഭവന പദ്ധതി (ജനറൽ)-57/24 | 1700000 | 0 |
| | 80000 | ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി) – 81/24 | 80000 | 0 |
| | 220000 | ലൈഫ് മിഷൻ ഭവന പദ്ധതി (പട്ടിക വർഗ്ഗം ) –185/24 | 220000 | 0 |
| | 40000 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ)-187/24 | 40000 | 0 |
| | 320000 | ലൈഫ് മിഷൻ ഭവന പദ്ധതി (പട്ടിക ജാതി) – 188/24 | 320000 | 0 |
| | 285806 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ – 320/24 | 285806 | 0 |
| ആകെ | 3823806 | | 3823806 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ 16/24 | 23150752008700969166/ 21.12.2023 ₹139960 22301323/30.03.2024 ₹679959 | 819919 | 99959 | 99959 രൂപയുടെ യു.സി ലഭ്യമാക്കി | 719960 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവസാനം |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDF (Life Mission Loan) | GO(Ms)- No.2278/LSGD Dated. 18.08.2018 | 38840000 | 30418749 | 3301251 | | 65957498 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .
ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 126588 രൂപ ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ടി തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2007-08 | 2011-12 അനുബന്ധം 9 | മരാമത്ത് വർക്കുകളുടെ അവലോകനം | - |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 130691719 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 86882713 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3012177 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടതുക | | ഉത്തരവാദി |
|---|---|---|---|
| | ചാർജ് | സർചാർജ് | |
| 3-1 | | 50,000 | ശ്രീമതി.സുലൈഖ.കെ ഐ.സി.ഡി.എസ് സൂപ്പർവൈസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-15 | 1785259 | ശ്രീ. ഷാഹുൽ ഹമീദ്, സെക്രട്ടറി – 200000/-<br>ശ്രീമതി. ഉഷാദേവി.കെ.എസ്, സെക്രട്ടറി- 1355000/-<br>ശ്രീമതി.ലളിതാംബിക. പി.എസ്, സെക്രട്ടറി 230259/- |
| 1-18 | 719960 | ശ്രീമതി.ലളിതാംബിക. പി.എസ്, സെക്രട്ടറി |
| 1-21 | 28000 | ശ്രീമതി സുലൈഖ കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-23 | 154108 | ശ്രീമതി സുലൈഖ കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 137942 | ശ്രീമതി സുലൈഖ കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-25 | 98000 | ശ്രീമതി സുലൈഖ കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-26 | 59984 | ശ്രീമതി സുലൈഖ കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-28 | 15000 | ശ്രീമതി സുലൈഖ കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-29 | 13924 | ശ്രീമതി ശ്യാമള ദേവി കെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| **ആകെ** | 3012177 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുലൈഖ. കെ<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | സി.ഡി.പി.ഒ<br>പെരുമ്പടപ്പ് പ്രോജക്ട്<br>ഓഫീസ് | എറിയാട്ട് കുഴിയിൽ<br>(വീട്)<br>പൂക്കോട്ടുംപാടം-679332<br>Mob-9447175612 |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97<br>(ജെ.ആർ.വൈ) | എൽ.എഫ്.എം.13/1239/1999 തി.09.11.1999 | 2 |
| 1997-98<br>(സ്പെ.റിപ്പോർട്ട്) | എൽ.എഫ്.എം.13/1316/1999(1) തി.05.02.2003 | 113 |
| 1999-00 | കെ.എസ്.എ.എം.പി.എം.5/2022(4)തി.13.10.22 | 4 |
| 2000-01 | കെ.എസ്.എ.എം.പി.എം.5/2022(5)തി.04.05.23 | 6 |
| 2004-05 | കെ.എസ്.എ.എം.പി.എം.5/2022(6)തി.10.07.23 | 2 |
| 2007-08 | കെ.എസ്.എ.എം.പി.എം.5/61/2012 തി.04.05.2023 | 2 |
| 2008-09 | കെ.എസ്.എ.എം.പി.എം.5/2022(9)തി.04.05.2023 | 1 |
| 2009-10<br>2010-11 | കെ.എസ്.എ.എം.പി.എം.5/2022(10)തി.04.05.2023 | 7 |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം.5/2022(11)തി.04.05.2023 | 2 |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.5/1628/2016 തി:25.04.2023 | 7 |
| 2015-16 | കെ.എസ്.എ.എം.പി.എം.5/3083/2016 തി:25.04.2023 | 4 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.എം.പി.എം.5/458/2020 തീ:25.04.2023 | 7 |
| 2019-20 | കെ.എസ്.എ.എം.പി.എം.5/516/2022 തീ:06.08.2022 | 13 |
| 2020-21 | കെ.എസ്.എ.എം.പി.എം.5/517/2022 തീ:06.08.2022 | 19 |
| 2021-22 | കെ.എസ്.എ.എം.പി.എം.5/301/2023 തീ:06.10.2023 | 9 |
| 2022-23 | കെ.എസ്.എ.എം.പി.എം.5/2643/2023 തീ:28.02.2024 | 46 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം.

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 11-07-2024 and submitted on 11-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Chaliyar Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Chaliyar Grama Panchayat as on 31-03-2024

**Date: 21/11/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Chaliyar Grama Panchayat for the Year 2023-2024.

### 1.Major Observations

Nil.

### 2.Other Observations

1.The following mandatory financial statements prescribed in accounting rules are not submitted for audit.

.Ratios

.Comparative amounts

2.Asset register is not up to date and is not reliable for audit.

3.Contractors retention amount recorded in register and AFS is not equal.

4.Audit Recovery register is not furnished for accuracy checking and verification

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്